**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി I

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2013 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

**2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

927/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

(2011-2013)

**ഘടന**

ചെയർമാൻ

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

" ഇ. പി. ജയരാജൻ

" സി. പി. മുഹമ്മദ്

" സി. മോയിൻകുട്ടി

" എസ്. ശർമ്മ

" എം. വി. ശ്രേയാംസ് കുമാർ

" പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരളനിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി കളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 2013 ഫെബ്രുവരി 7, 2013 ജൂൺ 18 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശുപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശുപാർശകളും ചേർത്തിരിക്കുന്നു.

2013 ജൂൺ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2013 ജൂൺ 18.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

# റിപ്പോർട്ട്

## ഭാഗം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ മറുപടി ലഭിച്ച ശുപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും:

## കൃഷി വകുപ്പ്

ശുപാർശ

2401-00-103-87—നാളികേര വികസനം

വിഹിതം : 45,00,00,000 രൂപ (പ്ലാൻ)

തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന ബോർഡിന്റെയും കേരള കാർഷിക സർവ്വകലാശാലയുടേയും, സി.പി.സി.ആർ.ഐ.-യുടെയും സഹായത്തോടെ നാളികേരത്തിന്റെ ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനത്തിന് ഒരു സംസ്ഥാനതല സംയോജിത വികസന സംവിധാനം രൂപപ്പെടുത്തുന്നതിനും മൂല്യവർദ്ധനവിനുവേണ്ടി കിൻഫ്രയുടെ കേരപാർക്കിനെ സഹായിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിലൂടെ 2012-13 വർഷം 25000 ഹെക്ടറിൽ സംയോജിത കൃഷി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ നിലവിലുള്ള 4500 ലക്ഷം രൂപയ്ക്കു പുറമേ 945.00 ലക്ഷം രൂപകൂടി അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

നാളികേരത്തിന്റെ സംയോജിത വികസനത്തിനായി വിവിധ വികസന പരിപാടികൾ ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് പദ്ധതി മുഖാന്തിരം നടപ്പിലാക്കുന്നത്. സംയോജിത കൃഷിയുടെ പ്രദർശന പ്ലോട്ടുകൾക്ക് ഹെക്ടറിന് 17,500 രൂപയുടെ ധനസഹായമാണ് പദ്ധതിയിൽ അനുശാസിക്കുന്നത്. നാളികേര കർഷകൻ ഇപ്പോൾ വളരെ പ്രസിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുന്ന സാഹചര്യത്തിലാണ്. ഉല്പാദനോപാധികളുടെ വില വർദ്ധന, രോഗകീടാക്രമണം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, നാളികേരത്തിന്റെ വിലയിടിവ് മുതലായവ പരിഗണിച്ച് നാളികേര കർഷകരെ സഹായിക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനായി 17.50 കോടി രൂപ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും തുക ലഭിച്ചില്ല. നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഉചിതമായ ധനപുനഃക്രമീകരണ ശുപാർശ സമർപ്പിക്കുവാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ 13200 നെൽക്കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. 2 ഹെക്ടർ സ്ഥലംവരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്കുകൂടി പെൻഷൻ നൽകുന്ന പുതിയ പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പെൻഷൻതുക 300 എന്നുള്ളത് പ്രതിമാസം 400 രൂപയായി വർദ്ധിപ്പിച്ചു. നെൽക്കർഷകർക്കു വേണ്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കിസാൻ അഭിമാൻ പെൻഷൻ പദ്ധതി 2012-13-ൽ 2401-00-800-31—നോൺ പ്ലാൻ ശീർഷകത്തിൽ ലയിപ്പിച്ചു. കിസാൻ അഭിമാൻ പദ്ധതിയിലെ അംഗങ്ങൾക്ക് 2011-12 വർഷത്തെ പെൻഷൻ കുടിശ്ശിക 250.80 ലക്ഷം രൂപ നൽകാനുള്ളതിനാലും കൂടാതെ എല്ലാ നാമമാത്ര കർഷകർക്കും പെൻഷൻ നൽകുന്ന പുതിയ 'ചെറുകിട നാമമാത്ര കർഷക പെൻഷൻ' പദ്ധതിക്കായി 4,800.00 ലക്ഷം രൂപ വേണ്ടിവരുന്നതിനാലും ഈ ശീർഷകത്തിൽ അധികമായി 5,050.80 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ൽ 2401-00-800-31—നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി 6381.887 ലക്ഷം രൂപ ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടെങ്കിലും 1000 ലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ശുപാർശ

4402-00-203-98—തൃശ്ശൂർ കരിനില വികസനം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഈ ഹെഡ്ഡിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

4402-00-203-98—നോൺ പ്ലാൻ ശീർഷകത്തിൽ 36.20 ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു.

ശുപാർശ

4402-00-203-97—കോൾനിലങ്ങളുടെ വികസനവും നില മെച്ചപ്പെടുത്തലും

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

ഈ ഹെഡിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

4402-00-203-97—നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിരുന്ന 22 ലക്ഷം രൂപ മാത്രമേ ജി.ഒ. (ആർറ്റി.) നമ്പർ 2336/12/എ.ഡി. തീയതി 4-12-2012 ഉത്തരവുപ്രകാരം കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് അനുവദിച്ചു നൽകിയിട്ടുള്ളൂ.

## മൃഗസംരക്ഷണ വകുപ്പ്

ശുപാർശ

2403-00-001—ഭരണവും നടത്തിപ്പും-99—നടത്തിപ്പ്-01—ശമ്പളം-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 1,03,000 രൂപ (നോൺ പ്ലാൻ)

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലെയും ഉദ്യോഗസ്ഥന്മാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി അധികമായി ഒരു ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 1,00,000 രൂപ റീഇംബേഴ്സ്മെന്റ് നൽകുന്നതിന് വേണ്ടി ഉപധനാഭ്യർത്ഥന നടത്തിയിരുന്നുവെങ്കിലും ലഭിച്ചില്ല. തുടർന്ന് വർഷാവസാനം റീഅപ്രോപ്രിയേഷൻ മുഖേന 4,19,000 രൂപ ലഭിക്കുകയും ആയതുമുഴുവൻ ചെലവഴിക്കുകയുണ്ടായി.

ശുപാർശ

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 14,00,00,000 രൂപ (പ്ലാൻ)

ആകെയുള്ള വിഹിതത്തിൽ 800 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനായി നീക്കിവച്ചിരിക്കുന്നു. ഈ തുക അപര്യാപ്തമായതിനാൽ 2,000 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം നീക്കിവച്ചിരിക്കുന്ന 8 കോടി രൂപയിൽ 575.5 ലക്ഷം രൂപ മരുന്നുവാങ്ങുന്നതിനും 224.5 ലക്ഷം രൂപ മുൻകാലങ്ങളിലെ പെൻഡിംഗ് പേയ്മെന്റ് കൊടുത്തു തീർക്കുന്നതിനും വേണ്ടിയാണ് വകയിരുത്തിയിരിക്കുന്നത്. മരുന്നു വാങ്ങുന്നതിനുവേണ്ടി 575.5 ലക്ഷം രൂപയ്ക്ക് പർചേസ് സാംഗ്ഷനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസലിൽ 444.85 ലക്ഷം രൂപയ്ക്ക് മാത്രമാണ് അനുമതി ലഭിച്ചത്. ടി തുകയിൽ 2012-13 സാമ്പത്തികവർഷം 2,39,00,234 തുക ചെലവഴിച്ചിട്ടുണ്ട്.

2012-13 സാമ്പത്തികവർഷം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിലാണ് ബഹു. സബ്ജക്ട് കമ്മിറ്റിയുടെ 20 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ പരിഗണിക്കാതിരുന്നത്. 2013-14 സാമ്പത്തികവർഷം മരുന്ന് വാങ്ങുന്നതിന് 16 കോടി രൂപ ബഡ്ജറ്റിൽ ആവശ്യപ്പെട്ടുവെങ്കിലും 8 കോടി രൂപ മാത്രമേ അനുവദിക്കുകയുണ്ടായുള്ളൂ.

ശുപാർശ

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 39,58,98,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 01-4—മൃഗാശുപത്രികളിലെ ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 50,000 രൂപയും കണ്ടംചെയ്ത വാഹനങ്ങൾക്കു പകരം പുതിയ വാഹനം വാങ്ങുന്നതിനായി 21-1—വാഹനം വാങ്ങൽ എന്ന ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2403-00-101-97-01—സാലറി എം.ആർ. എന്ന ശീർഷകത്തിൽ അധികമായി ലഭിച്ച 63,000 രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കണ്ടംചെയ്ത വാഹനങ്ങൾക്ക് പകരമായി 5 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 2403-00-101-97-21—എം.വി. വാഹനം വാങ്ങൽ പ്രകാരം 26,85,955 രൂപയ്ക്കുള്ള പ്രൊപ്പോസലിൽ അനുവദിച്ചു കിട്ടിയില്ല. ഈ സാമ്പത്തികവർഷം വാഹനങ്ങൾ വാങ്ങുന്നതിനുള്ള ശുപാർശ പരിഗണിക്കാവുന്നതാണ്.

ശുപാർശ

2403-00-101-87—വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്-05—ഓഫീസ് ചെലവുകൾ-1—വെള്ളക്കരം

വിഹിതം : 3,000 രൂപ (നോൺ പ്ലാൻ)

പ്രസ്തുത സ്ഥാപനത്തിലെ വെള്ളക്കരം നൽകുന്നതിനായി 05-1—വെള്ളക്കരം എന്ന ഇനത്തിൽ ഒരു ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2403-00-101-87—(നോൺ പ്ലാൻ) വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്-05—ഓഫീസ് ചെലവുകൾ-1—വെള്ളക്കരം 1 ലക്ഷം രൂപ ബഹു. സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും അധിക തുക അനുവദിച്ചുകിട്ടിയില്ല.

ശുപാർശ

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

21-1—വാഹനം വാങ്ങൽ

വിഹിതം : ഇല്ല

തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ് സെന്ററുകൾ എന്നിവയിലെ കണ്ടംചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ 21-1—വാഹനം വാങ്ങൽ, തിരുവനന്തപുരം, കൊട്ടാരക്കര, പത്തനംതിട്ട, ഇടുക്കി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കന്നുകാലി വികസന പ്രോജക്ടുകൾ അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ് സെന്ററുകൾ എന്നിവയിലെ കണ്ടംചെയ്ത വാഹനങ്ങൾക്കുപകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് തുക കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

ശുപാർശ

2403-00-102-97—ലൈവ് സ്റ്റോക്ക് ഫാമുകൾ

04-1—യാത്രാബത്ത

വിഹിതം : 50,000 രൂപ (നോൺ പ്ലാൻ)

ഫാമുകളിലെ ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 50,000 രൂപയ്ക്കുപുറമെ 20,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2403-00-102-97—(നോൺ പ്ലാൻ) ലൈവ്സ്റ്റോക്ക് ഫാമുകൾ 04-1—യാത്രാബത്തയിൽ 20,000 രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസലിൽ അനുവദിച്ചുകിട്ടിയിട്ടില്ല.

ശുപാർശ

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കോഴി, താറാവ്, കന്നുകാലി, പന്നി, ആട്, മുയൽ എന്നിവ വളർത്തുന്നതിനായി വിവിധ ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാമുകൾ ഉൽപ്പാദന യൂണിറ്റുകളും ഗുണനിലവാരമുള്ള കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുന്നതിനുള്ള പ്രജനനകേന്ദ്രങ്ങളും മാത്രമായല്ലാ, പരിശീലനത്തിന്റേയും സാങ്കേതിക വിദ്യയുടെ പ്രദർശനത്തിന്റേയും കേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതിന് ആധുനിക വൽക്കരിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമാണ്. അടിസ്ഥാന സൗകര്യ വികസനം, ഫാമുകളുടെ യന്ത്രവൽക്കരണം, മരുന്നുകൾ, തീറ്റ, ഉപകരണങ്ങൾ മുതലായവയുടെ വാങ്ങൽ, തീറ്റപ്പുൽ കൃഷിയിടങ്ങളുടെ പരിപാലനം, നാടൻ ഇനങ്ങളുടെ സംരക്ഷണം, സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കൽ, ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിക്കൽ, നിലവിലുള്ള ഫാമുകളുടെ വിപുലീകരണവും മെച്ചപ്പെടുത്തലും, പുതിയ ഫാമുകൾ സ്ഥാപിക്കൽ, വിജ്ഞാനവ്യാപന പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിനും നൽകുന്നതിനും ഒരു ഫാമിനെ മാതൃക യൂണിറ്റായി ഉയർത്തൽ മുതലായവയാണ് ഈ പരിപാടിയുടെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ. ഫാമുകളുടെ ശക്തിപ്പെടുത്തലിനും സംരക്ഷണത്തിനുമായി 2012-13-ലേക്ക് 1000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ ഇനത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

2403-00-102-81—(പ്ലാൻ) ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപ ബഹു. സമിതി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്തെങ്കിലും 1 കോടി 40 ലക്ഷം രൂപ റീഅപ്രോപ്രിയേഷൻ മുഖേന നൽകിയിട്ടുണ്ട്.

ശുപാർശ

2403-00-103-99—കോഴി വളർത്തൽ കേന്ദ്രങ്ങൾ

05—ഓഫീസ് ചെലവുകൾ-2—വൈദ്യുത ചെലവ്

വിഹിതം : 7,47,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ വിവിധ കോഴിവളർത്തൽ കേന്ദ്രങ്ങളിലെ വൈദ്യുതി ചെലവുകൾക്കായി 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ കോഴിവളർത്തൽ കേന്ദ്രങ്ങളിലെ വൈദ്യുതി ചെലവിനായി റീഅപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

ശുപാർശ

2403-00-103-84—വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടികൾ

വിഹിതം : 10,42,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് ഏറെ ജനശ്രദ്ധ ആകർഷിച്ചതും ലക്ഷക്കണക്കിന് വീട്ടമ്മമാർക്ക് പ്രയോജനം ചെയ്യുന്നതുമായ വീട്ടമ്മയുടെ അരുമക്കോഴികൾ, ഗ്രാമം നിറയെ കോഴികൾ, കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കോഴിവളർത്തൽ ഗ്രാമങ്ങൾ, നഗരപ്രിയയായി കെപ്കോ എന്നിങ്ങനെ കെപ്കോ മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികളെല്ലാം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ മാനേജ്മെന്റ് എന്നിവയുടെ പൂർണ്ണ സഹകരണത്തോടെ വളരെ സുതാര്യമായാണ് നടപ്പാക്കിവരുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോഴും ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നൽകുമ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയതിന്റെ ഫലമായി 2005-06 കാലയളവിൽ 119.56 കോടിയായിരുന്ന മുട്ടയുൽപ്പാദനം 2010-11-ൽ 168.6 കോടിയായി വർദ്ധിച്ചു. അതായത് 49 കോടി മുട്ടയുടെ അധിക ഉൽപ്പാദനമാണ് ഉണ്ടായിട്ടുള്ളത്. ഇതിന്റെ ഏകദേശവില കണക്കാക്കിയാൽ 171.50 കോടി രൂപയോളം വരും. ഇത്രയും രൂപ കേരളത്തിലെ വനിതകളുടെ അധികവരുമാനമാക്കി മാറ്റാനും, ഇത്രയും കോടി മുട്ടയുടെ (49 കോടി) ഇറക്കുമതി കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ കണക്കനുസരിച്ച് 2011-12-ൽ ഉൽപ്പാദനം 190 കോടിയാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. 2012-13-ൽ മുട്ടയുൽപ്പാദനം 225 കോടിയാക്കി ഉയർത്തണമെങ്കിൽ ഈ ആവശ്യത്തിലേക്ക് കൂടുതൽ തുക വകയിരുത്തേണ്ടതായിട്ടുണ്ട്. 2011-12-ൽ 9 കോടി രൂപയാണ് മേൽ പദ്ധതികൾ നടപ്പിലാക്കാൻ അനുവദിച്ചിരുന്നത്. ഇപ്പോൾ ഈ പദ്ധതികൾക്കെല്ലാംകൂടി 10.42 കോടിയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

താഴെപ്പറയുന്ന പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ഗ്രാമം നിറയെ കോഴികൾ | .. 100 ലക്ഷം |
| 2. വീട്ടമ്മയുടെ അരുമക്കോഴികൾ | .. 100 ലക്ഷം |
| 3. കോഴിവളർത്തൽ ഗ്രാമങ്ങൾ | .. 100 ലക്ഷം |
| 4. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി വിധവകൾക്കും അശരണർക്കുംവേണ്ടി | .. 100 ലക്ഷം |
| 5. വ്യാവസായികാടിസ്ഥാനത്തിലുള്ള മുട്ടയുൽപ്പാദനം | .. 20 ലക്ഷം |

ഈ പദ്ധതികളുടെ നടത്തിപ്പിനായി ആകെ 420 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ പദ്ധതിക്ക് 10.42 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ഇതിൽ 4 കോടി രൂപ മൃഗസംരക്ഷണ വകുപ്പിന് 39000 ഉപഭോക്താക്കൾക്ക് 10 കോഴി വീതം നടപ്പിലാക്കുന്ന പദ്ധതിയും 6.42 കോടി രൂപ കെ.എസ്.പി.ഡി.സി.ക്കും അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയുടെ 129000 ഉപഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നു. ഇതു കൂടാതെ മുട്ട ഉല്പാദനം കേന്ദ്രത്തിന്റെ ഒരു ബൃഹത്പദ്ധതിയിലൂടെ 8.31 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി അധികമായി ബഹു. സമിതി ശുപാർശ ചെയ്തിട്ടുള്ള 420 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

ശുപാർശ

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

04-1—യാത്രാബത്ത

വിഹിതം : 77,000 രൂപ (നോൺ പ്ലാൻ)

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനും ഇവ പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ യാത്രാചെലവിനാണ് ഈ തുക. യാത്രാബത്ത ഇനത്തിൽ അധികമായി 2 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ യാത്രാബത്തയിൽ 77,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2403-00-190-94—കെ.എസ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 3,70,00,000 രൂപ (പ്ലാൻ)

ആഭ്യന്തര മുട്ടയുൽപ്പാദനവും മാംസോൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ഹെഡ്ഡിൽ 740 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

മുട്ട, മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനത്തിൽ നിന്ന് പ്രൊപ്പോസൽ ഒന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിന്റെ 100% ധനസഹായത്തോടുകൂടി 8.31 കോടി രൂപയുടെ ധനസഹായത്തോടു കൂടി ഗ്രാമീണ പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി ശക്തിപ്പെടുത്തുന്നതിന് ഒരു ബൃഹദ്പദ്ധതി അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞ തുകയിൽ 5.75 കോടി രൂപ കെ.എസ്.പി.ഡി.സി. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 30-3-2013-ൽ തുക അനുവദിക്കുകയുണ്ടായി.

ശുപാർശ

2403-00-190-93—എം.പി.ഐ.യ്ക്ക് സഹായം

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ആധുനികവൽക്കരണം ഉൾപ്പെടെ താഴെപ്പറയുന്ന പദ്ധതികൾക്ക് അധികതുക ആവശ്യമാണ്:

1. ലാർജ് ആനിമൽ സ്ലോട്ടർ ഹൗസ് & പ്രോസസ്സിംഗ് യൂണിറ്റ് പദ്ധതി—10 ലക്ഷം രൂപ
2. സ്കൂൾ കുട്ടികൾക്കായി ആടിന്റേയും കോഴിയുടേയും സാറ്റലൈറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന്—10 ലക്ഷം രൂപ
3. ജൈവ കോഴിവളർത്തലിനുതകുന്ന ആധുനിക ഫാമിന്റെ നിർമ്മാണം—30 ലക്ഷം രൂപ
4. പന്നി വളർത്തൽ—35 ലക്ഷം രൂപ
5. ഗുണമേന്മ ഉറപ്പുവരുത്തുന്ന എച്ച്.എ.സി.സി.പി. നടപ്പിലാക്കുന്നതിന്—20 ലക്ഷം രൂപ
6. വിപണനം ശക്തിപ്പെടുത്തുന്നതിനും സുരക്ഷിതമായ മാംസോൽപ്പാദനങ്ങളെകുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പദ്ധതി—80 ലക്ഷം രൂപ
7. നിലവിലുള്ള ഫീഡ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്—25 ലക്ഷം രൂപ ഇവയ്ക്കെല്ലാമായി 210 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

ബഹു. സമിതി ശുപാർശ ചെയ്ത 210 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ എം.പി.ഐ. സമർപ്പിച്ചിട്ടില്ല.

ശുപാർശ

2403-00-196-50—റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം: 1,000 രൂപ (പ്ലാൻ)

എസ്.പി.സി.എ.കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി ഈ ഇനത്തിൽ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

എസ്.പി.സി.എ.കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയതു ലഭിച്ചിട്ടില്ല.

ശുപാർശ

2403-00-800-88—പ്രത്യേക കന്നുകാലി വികസന പദ്ധതി

21-1—വാഹനം വാങ്ങൽ

വിഹിതം : 30,00,000 രൂപ (പ്ലാൻ)

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലേക്കായി പുതിയ വാഹനങ്ങൾ വാങ്ങിക്കുവാൻ ഈ ഇനത്തിൽ 25 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ 5 വാഹനങ്ങൾ വാങ്ങുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. അനുവദിച്ച തുക വിനിയോഗിച്ച ശേഷമേ അധികതുക ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂ എന്ന കാരണത്താൽ പ്രസ്തുത സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2403-00-800-73—പക്ഷിപ്പനി ബാധിച്ച പക്ഷികളെ നശിപ്പിച്ച് മറവ് ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം (50% സി.എസ്.എസ്.)

വിഹിതം : ഇല്ല

പക്ഷിപ്പനി ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് പക്ഷികളെ നശിപ്പിക്കുന്നതിനായി നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുകയ്ക്ക് ഒരു ടോക്കൺ പ്രൊവിഷനായി ഒരു ലക്ഷം രൂപ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ തുകയ്ക്കുവേണ്ടി ഉപധനാഭ്യർത്ഥനയിലൂടെ 1 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും സർക്കാരിൽ നിന്നും അധികമായി തുക ലഭിച്ചിട്ടില്ല.

ശുപാർശ

6403-00-190-99 (02)—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

വിഹിതം : ഇല്ല

2009-10 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 190 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 2009-10-ൽ 38 ലക്ഷം രൂപയും 2010-11-ൽ 75 ലക്ഷം രൂപയും 2012-ൽ 50 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. ബാക്കിയുള്ള തുക നൽകുന്നതിനായി 27 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

ഗ്രാമീണ പശ്ചാത്തല വികസന നിധിയിൽ നിന്നുമാണ് ഈ വായ്പ ലഭിക്കേണ്ടത്. മേൽപ്പറഞ്ഞ തുക ലഭിക്കുന്നത് റീഇംപേഴ്സ്മെന്റ് ക്ലെയിം സമർപ്പിക്കുന്നതിലൂടെയാണ്. റീഇംപേഴ്സ്മെന്റ് ക്ലെയിം സമർപ്പിക്കുന്നമുറയ്ക്ക് ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

6403-00-190-98—മീറ്റ് പ്രോസസ്സിംഗ് പ്ലാന്റും ആധുനിക അറവുശാലയും സ്ഥാപിക്കുന്നതിന് ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിക്കുള്ള വായ്പ (നബാർഡ്-15-ാം ആർ.ഐ.ഡി.എഫ്.)

വിഹിതം : ഇല്ല

2010-11 സാമ്പത്തികവർഷം ഒരു ആധുനിക അറവുശാല വയനാട്ടിലെ സുൽത്താൻബത്തേരിയിൽ സ്ഥാപിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 597.97 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നൽകുകയുണ്ടായി. രണ്ടാം ഗഡു നൽകുന്നതിനായി 200 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുകിഴിൽ ഒരു ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് രണ്ടുകോടി രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും 2012-13 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻ മുഖേനയും റീഅപ്രോപ്രിയേഷൻ മുഖേനയും 1.77 കോടി രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ

6403-00-190-97—കരുനാഗപ്പള്ളിയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനുള്ള വായ്പ (നബാർഡ്-ആർ.ഐ.ഡി.എഫ്.)

വിഹിതം : ഇല്ല

കേരള ഫീഡ്സിന് ആർ.ഐ.ഡി.എഫ്. വായ്പയ്ക്കായി 1200 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടില്ല. റീഇംബേഴ്സ്മെന്റ് ക്ലെയിം നൽകുന്നതിനായി എസ്.ഡി.ജി.വഴി അധികതുക കണ്ടെത്തുവാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

## പൊതു ശുപാർശകൾ

2403-00-101-71—വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 6,50,00,000 രൂപ (പ്ലാൻ)

സഞ്ചരിക്കുന്ന വിവിധ വിദഗ്ദ്ധ മൃഗാശുപത്രി ഏർപ്പെടുത്തുന്ന പദ്ധതി നടപ്പാക്കുന്നതിനായി ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കോഴിക്കോട് തിരുവാമ്പാടിയിൽ ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ യൂണിറ്റ് ഡ്രൈവർ തസ്തിക സഹിതം തിരുവാമ്പാടി മൃഗാശുപത്രിയിലേക്ക് മാറ്റുന്നതിന് നിർദ്ദേശമുണ്ട്. ഇപ്രകാരം മാറ്റം വരുത്തിയാൽ ഇപ്പോൾ സേവനം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സേവനം തുടർന്നും ലഭിക്കുമോ എന്നും പരിശോധിച്ചുവരുകയാണ്.

ശുപാർശ

2403-00-103-84—വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി

വിഹിതം : 10,42,00,000 രൂപ (പ്ലാൻ)

പിന്നാമ്പുറത്തെ കോഴിവളർത്തലിന് കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. പക്ഷേ ഉയർന്ന തീറ്റവിലയും വിപണന സഹായത്തിന്റെ അഭാവവും കാരണം ഇക്കഴിഞ്ഞ വർഷങ്ങളിൽ മുട്ട ഉല്പാദനം കുറഞ്ഞുവരികയാണ്. ഗ്രാമപ്രദേശങ്ങളിൽ

കോഴി ഉല്പാദനം വർദ്ധിപ്പിക്കുവാൻ വിവിധതരത്തിലുള്ള സഹായ സംവിധാനങ്ങളിൽ കൂടിയുള്ള സർക്കാർ ഇടപെടലുകൾ ആവശ്യമാണ്. പിന്നാമ്പുറത്തെ കോഴിവളർത്തൽ വികസനത്തിനായി വിലകുറവുള്ള തീറ്റകൾ നൽകി വളർത്താൻ കഴിയുന്ന മെച്ചപ്പെട്ട ഇനങ്ങളിൽപ്പെട്ട ഗ്രാമലക്ഷ്മി പോലെയുള്ള നാടൻ മുട്ടക്കോഴികൾ പ്രചാരത്തിലാക്കുന്നതാണ്. അംഗീകൃത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പിന്നാമ്പുറത്തെ കോഴിവളർത്തലിന് സഹായം നൽകുക. ഈ ഇനത്തിൽ തുക ചെലവഴിക്കുന്നതിനു മുമ്പായി പ്രവർത്തനപദ്ധതി തയ്യാറാക്കുകയും അതിനനുസരിച്ച് പദ്ധതി നടപ്പിലാക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ 10.42 കോടി രൂപയിൽ 4 കോടി രൂപ മൃഗസംരക്ഷണ വകുപ്പ് മുഖേന ചെലവഴിക്കുകയും ബാക്കി 6.42 കോടി രൂപ കെ.എസ്.പി.ഡി.സി. മുഖേന സർക്കാരിന്റെ ഭരണാനുമതിയോടുകൂടി പദ്ധതി നടപ്പിലാക്കും. പ്രവർത്തനപദ്ധതി തയ്യാറാക്കി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ശുപാർശ

2403-00-109-92—സംരംഭകത്വ വികസനം

വിഹിതം : 3,50,00,000 രൂപ (പ്ലാൻ)

മൃഗസംരക്ഷണ പ്രവർത്തനങ്ങൾവഴി തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതിനുവേണ്ടി 12-ാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ഒരു പുതിയ സ്കീമാണിത്. ദീർഘവീക്ഷണമുള്ള സംരംഭകരെ വൈദഗ്ദ്ധ്യവികസനത്തിൽ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടി ഉദ്ദേശിക്കുന്ന പൗൾട്രി ഡ്രസ്സിംഗ് സ്റ്റാളുകൾ സ്ഥാപിക്കുന്നതിനുള്ള നൈപുണ്യ വികസനം, ശാസ്ത്രീയ കറവക്കാരെ രൂപപ്പെടുത്തുക, ശ്വാനപരിപാലനത്തിനും മറ്റു മേഖലകളിലും പരിശീലനം എന്നിവയാണ് ഈ പദ്ധതിയിലെ ഘടകങ്ങൾ. വിഹിതത്തിൽ ഒരു ഭാഗം സാഹസിക സംരംഭങ്ങളിലും മറ്റു പദ്ധതികളിലും മൂലധനസഹായത്തിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതിക്കായി 2012-13 വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംരംഭകർക്ക് സഹായധനം/സബ്സിഡി നൽകുന്നതിനായി ഈ തുക ഉപയോഗിക്കണമെന്നും അതിൽ ഒരു ഭാഗം അവർക്കുള്ള പരിശീലനത്തിനായി വിനിയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

ഈ പദ്ധതിയിൽ സംരംഭകർക്ക് സഹായധനം നൽകുന്നതിനുള്ള ഘടകങ്ങൾ സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിച്ചെങ്കിലും ആ ഘടകം പരിഗണിച്ചിട്ടില്ല.

## ക്ഷീര വികസന വകുപ്പ്

ശുപാർശ

2404-00-001-99-4-1—യാത്രാബത്ത

വിഹിതം : 3,00,000 രൂപ (നോൺ പ്ലാൻ)

ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ ജില്ലകളിലും യൂണിറ്റ് ഓഫീസുകളിലും ഇൻസ്പെക്ഷൻ, പ്ലാൻ മോണിറ്ററിംഗ്, റീകൺസിലിയേഷൻ മുതലായവയ്ക്കായി ധാരാളം യാത്രകൾ ചെയ്യേണ്ടി വരുന്നതിനാൽ ഈ ഇനത്തിൽ 2,08,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

2012-13 ധനകാര്യവർഷത്തിൽ 5,08,000 രൂപയ്ക്ക് ശുപാർശ സമർപ്പിച്ചിരുന്നു. 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2013-14 ധനകാര്യവർഷത്തിൽ 3,36,000 രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഖണ്ഡിക (40)-ലെ ശുപാർശയിന്മേൽ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ

2404-00-001-99-04-2—സ്ഥലംമാറ്റ ബത്ത

വിഹിതം : 84,000 രൂപ (നോൺ പ്ലാൻ)

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് കുടിശ്ശിക നൽകേണ്ടതിനാൽ അധികമായി 24,000 രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിന് 2012-13-ലേക്ക് ബഡ്ജറ്റിൽ 1,08,000 രൂപയ്ക്ക് ശുപാർശ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 84,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 2012-13 ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 24,000 രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

2404-00-001-99-05-—ഓഫീസ് ചെലവുകൾ

വിഹിതം : 8,05,000 രൂപ (നോൺ പ്ലാൻ)

ഡയറക്ടറേറ്റിലെ 'മറ്റിനങ്ങൾ' എന്ന ഹെഡിൽ അനുവദിച്ച തുക അപര്യാപ്തമാണ്. രജിസ്ട്രേർഡ് പോസ്റ്റ് ആയി അയയ്ക്കേണ്ട സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾ തുടങ്ങിയ ചെലവുകൾ ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കേണ്ടത്.

വൈദ്യുതി ചാർജ്ജിൽ വന്നിട്ടുള്ള വർദ്ധനവും കൂടി കണക്കിലെടുത്ത് ഈ ഇനത്തിൽ അധികമായി 10.55 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

2012-13 ധനകാര്യവർഷത്തിൽ ടി ഇനത്തിൽ 8,05,000 രൂപയും ധനപുനർവിനിയോഗത്തിലൂടെ 1,50,000 രൂപയും ആകെ 9,55,000 രൂപയും ലഭിച്ചിട്ടുണ്ട്. 2013-14 ധനകാര്യവർഷത്തിൽ 8,98,000 രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഖണ്ഡിക (42)-ലെ ശുപാർശയിന്മേൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ

2404-00-001-99-21-1—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

പദ്ധതി നടത്തിപ്പ്, മറ്റ് സ്റ്റാറ്റ്യൂട്ടറി ജോലികൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഓഫീസർമാർക്ക് നിരന്തരമായി യാത്ര ചെയ്യേണ്ടിവരുന്നു. ഇതിനായി ഇപ്പോൾ ഉപയോഗിക്കുന്നത് 15 വർഷത്തോളം കാലപ്പഴക്കമുള്ള ജീപ്പാണ്. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് 2 വാഹനങ്ങൾ വളരെ അത്യാവശ്യമാണ്. ആയതിനാൽ ഈ ആവശ്യത്തിനായി 24.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ൽ ഏഴു വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുകയും 2013 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 33,98,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം മഹീന്ദ്ര ആന്റ് മഹീന്ദ്ര കമ്പനിയിൽ നിന്നും 7 ബൊലേറോ ജീപ്പുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എടുക്കുകയും ചെയ്തിരുന്നു. എന്നാൽ 2013-14-ലെ കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് തീരുവ കൂട്ടിയതിനാൽ 6 വാഹനങ്ങൾ വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനേ കഴിഞ്ഞുള്ളൂ. ഏഴാമത്തെ വാഹനം 2013-14-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ പരിഗണിക്കാമെന്ന് സർക്കാർ തലത്തിൽ അറിയിച്ചിരിക്കുന്നതിനാൽ തുടർനടപടി അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ

2404-00-001-99-21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 55,000 രൂപ (നോൺ പ്ലാൻ)

വാഹനങ്ങളുടെ സ്പെയർ പാർട്ടുകൾ, റിപ്പയർ ചാർജ്ജ് എന്നിവയുടെ ചെലവ് വർദ്ധിച്ചിരിക്കുന്നതിനാൽ ഈ വകയിൽ അധികമായി 45,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

## സർക്കാർ സ്വീകരിച്ച നടപടി

2012-13 ധനകാര്യവർഷത്തിൽ 55,000 രൂപയും 2013-14 ധനകാര്യവർഷത്തിൽ 63,000 രൂപയും അനുവദിച്ച സാഹചര്യത്തിൽ ഖണ്ഡിക (44)-ലെ ശുപാർശയിന്മേൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

## ശുപാർശ

2404-00-001-98-04-1—യാത്രാബത്ത

വിഹിതം : 9,95,000 രൂപ (നോൺ പ്ലാൻ)

14 ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പുവർഷത്തിലെ തുക നൽകുവാനും അനുവദിച്ച തുക അപര്യാപ്തമാണ്. കൂടാതെ, റിട്ടയർ ചെയ്ത ജീവനക്കാർക്ക് ടി.എ. കുടിശ്ശിക നൽകുന്നതിനും ടി തുക അനിവാര്യമാണ്. ഈ ഇനത്തിൽ 2.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സിമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

## സർക്കാർ സ്വീകരിച്ച നടപടി

2012-13 ധനകാര്യവർഷത്തിൽ 9,95,000 രൂപയും ധനപുനർവിനിയോഗത്തിലൂടെ 1,20,000 രൂപയും അങ്ങനെ ആകെ 11,15,000 രൂപയും 2013-14 ധനകാര്യവർഷത്തിൽ 11,14,000 രൂപയും അനുവദിച്ച സാഹചര്യത്തിൽ ഖണ്ഡിക (45)-ലെ ശുപാർശയിന്മേൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

## ശുപാർശ

2404-00-001-98-05—ഓഫീസ് ചെലവുകൾ

വിഹിതം : 9,05,000 രൂപ (നോൺ പ്ലാൻ)

14 ജില്ലാ ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്കും, വൈദ്യുതി, വെള്ളം മുതലായവയ്ക്കും, തപാലുകൾ അയയ്ക്കുന്നതിനും ഈ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 2.7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 2012-13-ലെ ബഡ്ജറ്റിൽ 5,00,000 രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2012-13 ബഡ്ജറ്റിൽ 2,70,000 രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 3,11,000 രൂപയും അനുവദിച്ച സാഹചര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ

2404-00-001-98-21-1—വാഹനം വാങ്ങൽ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

വകുപ്പിലെ വളരെയധികം കാലപ്പഴക്കമുള്ള 14 വാഹനങ്ങൾ കണ്ടം ചെയ്ത് ലേലം ചെയ്തവയ്ക്ക് പകരമായി പുതിയ വാഹനങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മിക്ക ജില്ലകളിലും ഔദ്യോഗിക ഉപയോഗത്തിന് വാഹനമില്ലാത്ത അവസ്ഥയാണ്. പുതുതായി 8 വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ൽ ഭരണാനുമതി ലഭിക്കുകയും 2013 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 33,98,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം മഹീന്ദ്ര ആന്റ് മഹീന്ദ്ര കമ്പനിയിൽ നിന്നും 7 ബൊലേറോ ജീപ്പുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എടുക്കുകയും ചെയ്തിരുന്നു. എന്നാൽ 2013-14-ലെ കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് തീരുവ കൂട്ടിയതിനാൽ 6 വാഹനങ്ങൾ വാങ്ങുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനേ കഴിഞ്ഞുള്ളൂ. ഏഴാമത്തെ വാഹനം 2013-14-ലെ ഒന്നാം ധനാഭ്യർത്ഥനയിൽ പരിഗണിക്കാമെന്ന് സർക്കാർ തലത്തിൽ അറിയിച്ചിരിക്കുന്നതിനാൽ തുടർനടപടി അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ

2404-00-001-97-04-1—യാത്രാബത്ത

വിഹിതം : 5,02,000 രൂപ (നോൺ പ്ലാൻ)

152 ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും നടപ്പു വർഷത്തിലെ തുക നൽകുവാനും അനുവദിച്ച തുക അപര്യാപ്തമാണ്. ഇതിലേക്കായി കൂടുതൽ തുക ആവശ്യമാണ്. കൂടാതെ റിട്ടയർ ചെയ്ത ജീവനക്കാരുടെ ടി.എ. കുടിശ്ശിക നൽകുന്നതിനും ടി തുക അനിവാര്യമാണ്. ആയതിനാൽ ഇതിനായി 12.98 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ലെ ബഡ്ജറ്റിൽ 5,02,000 രൂപയും ധനപുനർവിനിയോഗത്തിലൂടെ 1,76,000 രൂപയും അങ്ങനെ 6,78,000 രൂപയും ലഭിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 5,62,000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 5 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്.

ശുപാർശ

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശകപ്രവർത്തനങ്ങൾ

34—മറ്റു ചെലവുകൾ

വിഹിതം : 2,35,00,000 രൂപ (പ്ലാൻ)

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജ്ഞാന വ്യാപനപ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുമായിട്ടാണ് ഈ ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിക്കുന്നത്. ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം ഇരുപത് ഡയറിഫ്രണ്ട്‌ലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പരാപാടികളെപ്പറ്റിയുള്ള വിജ്ഞാനവ്യാപനത്തോടൊപ്പം പുതിയതായി ഏറ്റെടുക്കുന്ന പരിപാടികളുടെ വിജ്ഞാനവ്യാപനം കൂടി നടപ്പിലാക്കുന്നതിനും അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ഹെഡിൽ 500 ലക്ഷം കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുള്ള 202 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ലെ ബഡ്ജറ്റിൽ ആകെ 235 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റേയും ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചതുമായ 20 പുതിയ ക്ഷീരവികസന യൂണിറ്റുകൾ നടപ്പിലാക്കാൻ 17-4-2012-ലെ സബ്ജക്ട് കമ്മിറ്റിക്ക് വീണ്ടും കുറിപ്പുകൾ നൽകിയിരുന്നത് സമിതി അംഗീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ ടി തുകയ്ക്ക് (500 ലക്ഷം രൂപ) ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

2404-00-102-83—ക്ഷീരോല്പാദനഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തൽ (സി.എസ്.എസ്.)

വിഹിതം : ഇല്ല.

സംസ്ഥാനത്തെ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള തുകയാണിത്. ഈയിനത്തിൽ 2012-13 വർഷത്തേക്ക് തുക അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിലേക്ക് മേഖലാ യൂണിയനുകൾ സമർപ്പിച്ച 351.882 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളിൽ 203.85 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ റിലീസ് ഓർഡർ ലഭിച്ചിട്ടുണ്ട്. അതിൽ തന്നെ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച 135 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള ധനസഹായം 2011-12-ൽ ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ഈ ശീർഷകത്തിൽ മൊത്തം 351.882 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള തുകയാണിത്. ഈയിനത്തിൽ 2012-13 വർഷത്തേക്ക് തുക അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാരിലേക്ക് മേഖലാ യൂണിയനുകൾ സമർപ്പിച്ച 351.882 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളിൽ 203.85 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ റിലീസ് ഓർഡർ ലഭിച്ചിട്ടുണ്ട്. അതിൽ തന്നെ സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച 135 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള ധനസഹായം 2012-13-ൽ ബഡ്ജറ്റിൽ തുക വക കൊള്ളിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ഈ ശീർഷകത്തിൽ മൊത്തം 135 ലക്ഷം രൂപ വകകൊള്ളിക്കേണ്ടതാണ്.

<u>ശുപാർശ</u>

2404-00-102-79—<u>കാലിത്തീറ്റയ്ക്കുള്ള ധനസഹായം</u>

33—<u>സബ്സിഡികൾ</u>

വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

കാലിത്തീറ്റ സബ്സിഡി ദുർബല വിഭാഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തുന്നത് ഉല്പാദന വർദ്ധനവിനെ സഹായിക്കില്ല. സംഘത്തിൽ പാലൊഴിക്കുന്ന എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയാൽ മാത്രമേ സംഘടിത മേഖലയിൽ പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ സാധിക്കൂ. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ഈ ഇനത്തിൽ കുറച്ച് തുക കണ്ടെത്താൻ കഴിയുമെന്നതിനാൽ ഈ ശീർഷകത്തിൽ 1200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാലിത്തീറ്റ സബ്സിഡി ദുർബല വിഭാഗങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തുന്നത് ഉല്പാദന വർദ്ധനവിനെ സഹായിക്കില്ല. സംഘത്തിൽ പാലൊഴിക്കുന്ന എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിയാൽ മാത്രമേ സംഘടിത മേഖലയിൽ പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ സാധിക്കൂ. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ഈ ഇനത്തിൽ കുറച്ച് തുക കണ്ടെത്താൻ കഴിയുമെന്നതിനാൽ ഈ ശീർഷകത്തിൽ 900 ലക്ഷം രൂപ കൂടി അനുവദിക്കേണ്ടതാണ്.

<u>ശുപാർശ</u>

2404-00-109-98-04-1—<u>യാത്രാബത്ത</u>

വിഹിതം : 70,000 രൂപ (നോൺ പ്ലാൻ)

ക്ഷീരവികസന പരിശീലന കേന്ദ്രത്തോട് ബന്ധപ്പെട്ട യാത്രാബത്ത കുടിശ്ശിക നൽകേണ്ടതുള്ളതിനാൽ ഇതിനായി 1.8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13 ബഡ്ജറ്റിൽ 70,000 രൂപയും ധനപുനർവിനിയോഗത്തിലൂടെ 68,000 രൂപയും അങ്ങനെ ആകെ 1,38,000 രൂപയും ലഭിച്ചിട്ടുണ്ട്. 2013-14 സാമ്പത്തികവർഷത്തിലും 70,000 രൂപ ലഭിച്ചിട്ടുള്ളതിനാൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

<u>ശുപാർശ</u>

2404-00-109-98-21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 14,000 രൂപ (നോൺ പ്ലാൻ)

ജില്ലകളിലെ നിലവിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായി അധികതുക ആവശ്യമുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അധികമായി 1.77 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13-ലെ ബഡ്ജറ്റിൽ 3,23,000 രൂപ അനുവദിച്ചിട്ടുണ്ട്. 2013-14-ലെ ബഡ്ജറ്റിൽ 3,71,000 രൂപ അനുവദിച്ച സാഹചര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

<u>ശുപാർശ</u>

2404-00-109-95—<u>ഗുണനിയന്ത്രണലാബുകളുടെ ശക്തിപ്പെടുത്തൽ</u>

വിഹിതം : 15,00,000 രൂപ (പ്ലാൻ)

നാല് പ്രധാന ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും, നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്ന പ്രകാരം മൂന്ന് റീജിയണൽ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും മൊബൈൽ ഗുണനിയന്ത്രണ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്ത 50 ലക്ഷം രൂപയും കൂടി ചേർത്ത് 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 88 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ ധനകാര്യവകുപ്പിന് സമർപ്പിച്ചിരുന്നു. ഇതിനുമുമ്പും സബ്ജക്ട് കമ്മിറ്റി സമാന ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. 2012-13-ലേക്ക് 15 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നയപ്രഖ്യാപന പ്രസംഗത്തിൽ വാഗ്ദാനം ചെയ്ത റീജിയണൽ ഡെയറി ലബോറട്ടറി

സ്ഥാപിക്കുന്നതിനും മറ്റുമായി 350 ലക്ഷം രൂപകൂടി ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് കൂടിയ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ബാക്കി 350 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധികതുക ലഭ്യമായിട്ടില്ല.

ശുപാർശ

2404-00-109-93—മിൽക്ക്ഷെഡ് വികസന പദ്ധതി

വിഹിതം : 13,00,00,000 രൂപ (പ്ലാൻ)

കൂടുതൽ കർഷകരിലേക്ക് പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതികൾ എത്തിക്കുവാനും കാഫ് അഡോപ്ഷൻ പദ്ധതി നടപ്പിലാക്കുവാനുമായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

2012-13-ലെ ബഡ്ജറ്റിൽ 1300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 2000 ലക്ഷം രൂപ അനുവദിച്ച സാഹചര്യത്തിൽ ഖണ്ഡിക (55)-ലെ ശുപാർശയിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

ശുപാർശ

2404-00-190-89—കെ.എൽ.ഡി. ബോർഡിന് ധനസഹായം

വിഹിതം : 11,30,00,000 രൂപ (പ്ലാൻ)

കന്നുകാലി പ്രജനന പരിപാടികൾക്കും ക്ഷീരോല്പാദന വർദ്ധനവിനും ആവശ്യമായ ഗാഢശീതീകരിച്ച ബീജവും തീറ്റപ്പുൽ വിത്തും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനുമാണ് പദ്ധതിവിഹിതം. കന്നുകാലികളുടെ വംശ വർദ്ധന, തീറ്റപ്പുൽ ഉൽപ്പാദനം എന്നീ രംഗങ്ങളിൽ ബോർഡ് ഗവേഷണം നടത്തുന്നുണ്ട്. ഈവിധ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പിലാക്കുന്നതിനും പതിനൊന്നാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മൃഗസംരക്ഷണ വികസന പരിപടികൾക്ക് ആവശ്യമായ അനുബന്ധ സേവനങ്ങൾ നൽകുന്നതിനും ബോർഡ് താഴെ വിവരിക്കുന്ന രംഗങ്ങളിൽ പ്രവർത്തന പരിപാടികൾ നടപ്പിലാക്കുന്നതാണ്.

1. ഹൈടെക് ഡയറി ഫാമുകൾ (ബുൾ/മദർ ഫാമുകൾ) സ്ഥാപിക്കുക.
2. കൂടുതലായി ലക്ഷ്യമിട്ടിട്ടുള്ള ബീജധാന പരിപാടികൾക്കായി ബീജഉൽപ്പാദനവും ദ്രവനൈട്രജൻ ഉല്പാദന വിതരണ ശൃംഖലയും വിപുലപ്പെടുത്തുക.
3. ഉൽപ്പാദനക്ഷമതയുള്ള പശുക്കുട്ടികളെ വിതരണം ചെയ്യുക.

4. തീറ്റപ്പുൽ ഉൽപ്പാദനത്തിനുവേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ വിപുല പ്പെടുത്തുകയും പ്രായോഗികതല ഗവേഷണം നടത്തുകയും ചെയ്യുക.
5. ആടിന്റെ വംശഗുണം വർദ്ധിപ്പിക്കുന്നതിനും ആടുവളർത്തൽ പ്രോത്സാഹിപ്പി ക്കുന്നതിനും ആടിന്റെ കൃത്രിമ ബീജസങ്കലന പരിപാടി വ്യാപിപ്പിക്കുന്നതിനും
6. സുനന്ദിനി വർഗ്ഗത്തിന് ഒരു ഹേർഡ് ബുക്ക് സംവിധാനം നടപ്പിലാക്കുക
7. ഈ മേഖലയിലെ സാങ്കേതിക വിഗദഗ്ദ്ധർക്കും സഹായികൾക്കും കർഷകർക്കും പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ വിപുലീകരിക്കുക
8. കന്നുകാലി പ്രജനന പരിപാടിയെക്കുറിച്ചും സാങ്കേതിക മാറ്റങ്ങളെക്കുറിച്ചും ആവശ്യമായ വിവരശേഖരം കെട്ടിപ്പടുക്കുന്നതിനും അപഗ്രഥിക്കുന്നതിനും കമ്പ്യൂട്ടർ സംവിധാനം ഉപയോഗിച്ചുള്ള വിജ്ഞാപന സങ്കേതത്തിന് രൂപം നൽകുക
9. വെച്ചൂർ കന്നുകാലി ജനുസ്സിന്റെ സംരക്ഷണത്തിനും വംശവർദ്ധനവിനും ഉള്ള പദ്ധതി നടപ്പിലാക്കുക.

ഈ പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷം 576 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. 2012-13-ൽ ഈ തുകയിൽ താഴെപ്പറയുന്ന ഇനങ്ങൾക്കായി ആകെ 374.5 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്.

1. തീറ്റപ്പുല്ലിന്റെയും പുൽവിത്തുകളുടെയും ഗവേഷണവും വികസനവും നടത്തുന്നതിനുള്ള പദ്ധതിക്കായി 2 ലക്ഷം രൂപ അധികമായി വകയിരുത്തണം.
2. പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 50 ലക്ഷം രൂപ അധിക മായി വകയിരുത്തണം.
3. കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ അധികം വകയിരുത്തണം.
4. കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണം.
5. ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ യിലും ഹൈടെക്ക് ഡെയറി ഫാമുകൾക്ക് സഹായം നൽകുന്നതിനായി 79.5 ലക്ഷം രൂപ അധികമായി വകയിരുത്തണം.
6. ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ്‌വഴി നൂതന വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 100 ലക്ഷം രൂപ അധിക മായി വകയിരുത്തണം.
7. കേരളത്തിന്റെ തനതു ജനുസ്സുകളായ വെച്ചൂർ പശുക്കളുടെയും കാസർഗോഡ് ഡ്വാർഫ് പശുക്കളുടെയും മറ്റ് നാടൻ പശുക്കളുടെയും സംരക്ഷണത്തിനാ യുള്ള പദ്ധതിക്കുവേണ്ടി അധികമായി 68 ലക്ഷം രൂപയും വകയിരുത്തണം.

ഈ ഇനങ്ങൾക്കായി ആകെ 374.5 ലക്ഷം രൂപ (2+50+25+50+79.5+100+68=374.5) അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

കോലാഹലമേട് ഹൈടെക് ബുൾ മദർ ഫാമിന് 350 ലക്ഷവും കുളത്തൂപ്പുഴ ഹൈടെക് മദർ ഫാമിന് 175 ലക്ഷവും ഉൾപ്പെടെ 525 ലക്ഷം രൂപ 4404 ക്യാപ്പിറ്റൽ ശീർഷകത്തിൽ മാറ്റുന്നതിന് ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും ആയതു പരിഗണിച്ചിട്ടില്ല. കൂടാതെ 2012-13-ലെ കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള പ്രസ്തുത ധനസഹായം റവന്യൂ ഹെഡിൽ തന്നെ നിലനിർത്തി ഭരണാനുമതി നൽകുകയാണുണ്ടായത്. [ജി.ഒ. (ആർറ്റി.) നമ്പർ 1436/2012/ എഡി തീയതി 13-7-2012].

ശുപാർശ

2404-00-800-79—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം

വിഹിതം : 50,00,000 രൂപ (പ്ലാൻ)

ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ഇൻഷ്വറൻസും, മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് ഈ തുക വിനിയോഗിക്കുന്നത്. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേന ക്ഷീരകർഷകർക്ക് ആവശ്യമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും പെൻഷൻ തുക 300 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കർഷകർക്ക് പെൻഷൻ നൽകേണ്ടി വരുമെന്നതിനാലും 750 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അധിക തുകയായി 325 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തുവെങ്കിലും സാമ്പത്തിക വർഷാവസാനമായതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല. എന്നാൽ 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 400 ലക്ഷം രൂപയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2012-13-ലേക്കുള്ള ബഡ്ജറ്റിൽ 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 750 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന കുറിപ്പുകൾ 17-4-2012-ന് കൂടിയ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 750 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

ശുപാർശ

4404-00-109-99—മരാമത്ത് പണികൾ

വിഹിതം : ഇല്ല

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടം 60 വർഷത്തോളം പഴക്കമുള്ളതാണ്. ഇതിന്റെ മേൽക്കൂരയിൽ ചോർച്ചയും പലഭാഗത്തും സീലിംഗ് പൊട്ടി താഴെ വീണിട്ടുള്ളതും ആയതിനാൽ ഇതിന്റെ അറ്റകുറ്റപണികൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ മെയിൻ റോഡിൽ നിന്നും ഹെഡ് ഓഫീസിലേക്കുള്ള സബ് റോഡ് ഗതാഗത യോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണിയും അത്യാവശ്യമാണ്. ക്ഷീര പരിശീലനകേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നല്ല ഒരു ഭാഗം പുതുതായി ആരംഭിച്ച വെറ്ററിനറി സർവ്വകലാശാലയുടെ ലേസൺ ഓഫീസ് പ്രവർത്തിക്കുന്നതിനുവേണ്ടി അനുവദിച്ചതിനാൽ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രത്തിൽവച്ച് വിവിധ പരിശീലനങ്ങൾ നടത്തുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്തായി രണ്ടുനിലകൂടി നിർമ്മിക്കേണ്ടതുണ്ട്. കൂടാതെ ഡെയറി ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിൽ അവലോകന യോഗങ്ങൾ നടത്തുന്നതിന് ഒരു കോൺഫറൻസ് ഹാൾ പണിയേണ്ടതുണ്ട്. ആയതിനാൽ ഈ ആവശ്യത്തിനായി ഈ ഹെഡ്ഡിൽ 250 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിൽ സമിതി ശുപാർശ ചെയ്ത 250 ലക്ഷം രൂപ സപ്ലിമെന്ററി ഡിമാന്റിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടില്ല. 2012-13-ലെ ബഡ്ജറ്റിലും തുക അനുവദിക്കാത്തതിനെ തുടർന്ന് 250 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പ് 17-4-2012-ന് കൂടിയ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2012-13-ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്ക് ബാക്കി 250 ലക്ഷം രൂപയ്ക്ക് ശുപാർശ സമർപ്പിച്ചെങ്കിലും അധിക തുക ലഭ്യമായിട്ടില്ല.

## കൃഷി, തദ്ദേശസ്വയംഭരണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ

### പൊതുശുപാർശ

കൃഷി വകുപ്പ്, ക്ഷീരവികസന വകുപ്പ്, പഞ്ചായത്ത് എന്നിവ കർഷകർക്കു നൽകുന്ന വിവിധ സഹായങ്ങൾ ഏകീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

കൃഷി വകുപ്പ്, ക്ഷീരവികസന വകുപ്പ്, പഞ്ചായത്ത് എന്നിവ കർഷകർക്കു നൽകുന്ന വിവിധ സഹായങ്ങൾ ഏകീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ രൂപീകരിക്കുന്ന ക്ഷീര നയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യബന്ധന വകുപ്പ്

ശുപാർശ

2405-00-101-76—പൊക്കാളിനിലങ്ങളിൽ കൊഞ്ചുകൃഷി വികസിപ്പിക്കാനുള്ള സംയോജിത പ്രോജക്ട്

വിഹിതം : ഇല്ല

ആലപ്പുഴ, എറണാകുളം ജില്ലകളിലെ പൊക്കാളി നിലങ്ങളിലും തൃശ്ശൂരും കണ്ണൂരും ചെമ്മീൻ/മത്സ്യക്കൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലൂടെയും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് പരിപാടി ലക്ഷ്യമിട്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അഡാക്ക് ആണ് പദ്ധതി നടപ്പിലാക്കുന്നത്. ബാങ്കുവഴി ബാക്ക് എൻഡ് സബ്സിഡിയായി സാമ്പത്തിക സഹായം നൽകുന്ന വായ്പാബന്ധിത പരിപാടിയാണിത്. 2012-13-ലെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി 2405-00-101-76 എന്ന ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ 2405-00-101-71 എന്ന ശീർഷകത്തിൽ പാടശേഖര മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കൃഷിക്കായി അനുവദിച്ചിട്ടുള്ള നാലു കോടി രൂപയിൽ പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

വിഹിതം : 3,10,00,000 രൂപ (നോൺ പ്ലാൻ)

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി തുക ചെലവാക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. 2012-13 വർഷത്തേക്ക് 02-വേജസ് ഇനത്തിൽ 150.41 ലക്ഷം രൂപയും, 18 മെയിന്റനൻസ് ഇനത്തിൽ 352.55 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നു. എന്നാൽ യഥാക്രമം 110 ലക്ഷം, 200 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കി തുകയായ 192.96 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2012-13-ൽ 02—വേജസിൽ 40.41 ലക്ഷം രൂപയും 18—മെയിന്റനൻസിൽ 152.55 ലക്ഷം രൂപയും ചേർത്ത് ആകെ 192.96 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 82 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക അനുവദിച്ചിട്ടില്ല.

## ശുപാർശ

2405-00-103-91—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

മത്സ്യവിഭവങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണനിയമം നടപ്പാക്കൽ, മത്സ്യവിഭവസംരക്ഷണം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതിയാണിത്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കുന്നതിനുള്ള ചെലവ്
- ഫിഷറീസ് സ്റ്റേഷനുകളുടെ കമ്മ്യൂണിക്കേഷൻ ചെലവുകൾ
- വയർലെസ്സ് കമ്മ്യൂണിക്കേഷൻ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ
- കേരള തീരത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന വെസലുകളുടെ രജിസ്ട്രേഷൻ ലൈസൻസ് നൽകൽ.

ട്രോളിംഗ് നിരോധനം നിലനിൽക്കുന്ന കാലയളവിൽ കടൽ പട്രോളിംഗ് നടത്തുന്നതിനും മറ്റു സമയങ്ങളിൽ കടൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സ്വകാര്യയാനങ്ങൾ വാടകയ്ക്ക് എടുത്തു വരുന്നു. ഇത്തരം യാനങ്ങളുടെ വാടക, ഇന്ധനച്ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

## സർക്കാർ സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം 2405-00-103-91-(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തി യിരുന്ന 100 ലക്ഷം രൂപയിൽ നിന്നും 99,72,344 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികമായി 64,00,000 രൂപ ധനപുനർവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2405-00-105-96—മൂല്യവർദ്ധിത വിപണി

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

ദേശീയ മത്സ്യവികസന ബോർഡിന്റെ 90 ശതമാനം സഹായത്തോടകൂടി 2012-13 വർഷം 50 നവീന രീതിയിലുള്ള മത്സ്യ മാർക്കറ്റുകൾ ഘട്ടങ്ങളായി നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരം നവീന മത്സ്യ മാർക്കറ്റുകൾക്കായി വകയിരുത്തിയിട്ടുള്ള പദ്ധതി തുകയിൽ 200 ലക്ഷം രൂപ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും, 100 ലക്ഷം രൂപ പൊതു അടിസ്ഥാന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുമായി നീക്കിവച്ചിരിക്കുന്നു. 200 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യമാർക്കറ്റുകൾക്കുള്ള 200 ലക്ഷം രൂപയിൽ 153 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. തീരദേശ വികസന കോർപ്പറേഷൻ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ ദേശീയ മത്സ്യ വികസന ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. 2012-13-ൽ തുക ആവശ്യമായി വന്നില്ല.

ശുപാർശ

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം

വിഹിതം : 3,30,00,000 രൂപ (നോൺ പ്ലാൻ)

മത്സ്യത്തൊഴിലാളി പെൻഷനും മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുവേണ്ടി തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡിന്റെ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതമായി 2012-13-ൽ 330.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ 400 രൂപ നിരക്കിലാണ് പ്രതിമാസ പെൻഷൻ അനുവദിക്കുന്നത്. നടപ്പുവർഷം 41004 പേർക്ക് 400 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിനും, 7293 പേർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ വിധവാ പെൻഷൻ അനുവദിക്കുന്നതിനുമായി 2100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

2012-13 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ നൽകുന്നതിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 330 ലക്ഷം രൂപയ്ക്ക് പുറമേ, അഡീഷണൽ ഓതറൈസേഷനായി 15,33,86,000 രൂപകൂടി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 6,00,00,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തുള്ള എല്ലാ മത്സ്യത്തൊഴിലാളികളുടേയും കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2012-13-ൽ 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രതിവർഷം 1385 ലക്ഷം രൂപ ആവശ്യമാണ്. 2012-13 അദ്ധ്യയനവർഷം മുതൽ വിദ്യാഭ്യാസ ആനുകൂല്യ നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. 2011-12 വർഷത്തിൽ 6 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. അതിനാൽ മുൻ വർഷത്തെ ബാദ്ധ്യത പരിഹരിക്കുന്നതിനും നടപ്പുവർഷം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 1500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക തീർക്കുന്നതിനായി 6 കോടി രൂപകൂടി അധികമായി അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2405-00-800-82—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനുള്ള പ്രീമിയം (50% കേന്ദ്ര സഹായം)

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ എല്ലാ സജീവ മത്സ്യത്തൊഴിലാളികളും സജീവ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യപ്പെട്ടവരാണ്. അപകടമരണം, സ്ഥിരമോ ഭാഗികമോ ആയ അവശതകൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. മരണം, കാണാതാവുക, പൂർണ്ണ അവശത എന്നിവയ്ക്ക് 3 ലക്ഷം രൂപയും ഭാഗികമായ അവശതയ്ക്ക് പരമാവധി 1,50,000 രൂപയും നഷ്ടപരിഹാരം നൽകുന്നു. വാർഷിക ഇൻഷ്വറൻസ് തുക സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചേർന്ന് ഒടുക്കുന്നു. 2012-13-ലെ സംസ്ഥാന വിഹിതമായ 100 ലക്ഷം രൂപയും കേന്ദ്ര വിഹിതമായ 100 ലക്ഷം രൂപയും ഉൾപ്പെടെ 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സജീവ മത്സ്യത്തൊഴിലാളികളായ 238466 പേർക്ക് തുടർന്നും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുന്നതിന് 2012-13 വർഷം 140 രൂപ നിരക്കിൽ 338.85 ലക്ഷം രൂപ ആവശ്യമാണ്. അതിനാൽ ഈ ശീർഷകത്തിൽ 138.85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിനായി 1,64,05,000 രൂപ അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2405-00-800-76—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)</u>

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികൾക്ക് ആവശ്യമായ സബ്സിഡികൾ അനുവദിക്കുന്നതിനായി 1200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എൻ.ഡി.ഡി.സി. സഹായത്തോടെ നടപ്പാക്കുന്ന സംയോജിത മത്സ്യബന്ധന വികസന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ അധികമായി ആവശ്യമുള്ള 5,64,34,000 രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുക അനുവദിച്ചിരുന്നില്ല. 2012-13 സാമ്പത്തികവർഷം അനുവദിക്കേണ്ട സബ്സിഡി തുകയും മുൻവർഷങ്ങളിലെ ഭരണാനുമതി പ്രകാരം സബ്സിഡികൾ അനുവദിക്കുന്നതിന് ആവശ്യമായ തുകയും ചേർത്ത് ഈ ശീർഷകത്തിൽ 13,06,67,000 രൂപ അധികമായി അനുവദിച്ച് ഫൈനൽ ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

<u>ശുപാർശ</u>

2405-00-800-75—<u>മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% കേന്ദ്ര സഹായം)</u>

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

പഞ്ഞമാസങ്ങളിൽ കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾ നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യവിഹിതം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് (50:50) നിക്ഷേപിക്കുന്നു. ഈ തുക മൂന്ന് തവണകളായി പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കുതന്നെ തിരികെ നൽകുകയും ചെയ്യുന്നു. 2012-13-ലെ ഗുണഭോക്താക്കളുടെ എണ്ണം ഏകദേശം

1.85 ലക്ഷം ആയി കണക്കാക്കിയിരിക്കുന്നു. 1200 രൂപ തോതിൽ 1.85 ലക്ഷം തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് 2220 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1220 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സർക്കാർ സ്വീകരിച്ച നടപടി

സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി അധികമായി ആവശ്യപ്പെട്ടിരുന്ന 1157 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 30,00,000 രൂപ (പ്ലാൻ)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളായ മത്സ്യബന്ധന മേഖലയിലെ അനുബന്ധത്തൊഴിലാളികളെ ബോർഡ് ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇവരുടെ മൊത്തം വാർഷിക പ്രീമിയം നൽകുന്നതിനാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2012-13 വർഷവും ഇവരെ മുഴുവൻ ആളൊന്നിന് 140 രൂപ നിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിന് 100.28 ലക്ഷം രൂപ ആവശ്യമാണ്. അതിനാൽ ഈ ശീർഷകത്തിൽ അധികമായി 70.28 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിനായി 84,96,000 രൂപ അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ

2405-00-800-30—കടുങ്ങല്ലൂർ അക്വാടെക്നോളജി പാർക്ക്

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ആലുവയിലെ കടുങ്ങല്ലൂരിൽ ഒരു അക്വാടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2012-13-ൽ 1,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നു. ഈ ആവശ്യത്തിനായി 99.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

ആലുവായിലെ കടുങ്ങല്ലൂരിൽ അക്വാടെക്നോളജി പാർക്ക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ പ്രവർത്തന ചെലവുകൾക്കായി 25 ലക്ഷം രൂപ അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2405-00-800-30-(നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിക്കുന്നതിന് പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചെങ്കിലും 2012-13 സാമ്പത്തിക വർഷം തുക അനുവദിച്ചില്ല.

ശുപാർശ

2405-00-800-29—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കൊച്ചിയിലെ പുതുവൈപ്പിനിൽ ഓഷ്യനേറിയവും ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

കൊച്ചിയിലെ പുതുവൈപ്പിനിൽ ഓഷ്യനേറിയവും ബയോളജിക്കൽ പാർക്കും സ്ഥാപിക്കുന്നതിലേക്കുള്ള ചെലവിലേക്കായി ഫൈനൽ ബാച്ച് ഉപധനാഭ്യർത്ഥനയിൽ 20 ലക്ഷം രൂപ അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. എന്നാൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിനോടനുബന്ധിച്ചുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള ടെണ്ടർ നോട്ടിഫിക്കേഷൻ പരസ്യം ചെയ്തയിനത്തിലുള്ള ചെലവ് വഹിക്കുന്നതിന് 4,14,000 രൂപ 30-3-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 2779/2013/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം റീഅപ്രോപ്രിയേഷൻ മുഖേന അനുവദിക്കുകയുണ്ടായി.

ശുപാർശ

2405-00-800-24—സുനാമി ബാധിത പ്രദേശത്തിനുപുറത്തുള്ള മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് 2008 അനുസരിച്ച് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപീകൃതമായിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ ഭരണപരമായ ചെലവുകൾക്കും മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനുമായി ഈ വർഷം 1,700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 85 ലക്ഷം രൂപ 8-6-2012-ലെ ജി.ഒ. (ആർറ്റി.) നമ്പർ 5752/ 2012/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി.

ശുപാർശ

2405-00-800-09—നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം (50% കേന്ദ്ര സഹായം)

വിഹിതം : 40,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് നിലവിൽ ഏകദേശം 15095 ഔട്ട്ബോർഡ് എഞ്ചിനുകൾ മത്സ്യബന്ധനത്തിനായി പരമ്പരാഗതമേഖലയിൽ ഉപയോഗിക്കുന്നുണ്ട്. ഇവ മൂന്നു വർഷത്തിലൊരിക്കൽ മാറ്റി പുതിയവ ഉപയോഗിക്കേണ്ടതായി വരുന്നു. പൂർണ്ണമായും ഇറക്കുമതി ചെയ്തുവരുന്ന 10 എച്ച്.പി.-യിൽ താഴെയുള്ള എഞ്ചിനുകൾക്ക് പോലും 1,00,000 രൂപയിലധികമാണ് വില. 10 എച്ച്.പി.-യിൽ താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് പരമാവധി 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നാടൻ വള്ളങ്ങളുടെ നവീകരണം. കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ചെറിയ മത്സ്യബന്ധന യൂണിറ്റുകളാണ് 10 എച്ച്.പി.-യിൽ താഴെയുള്ള എഞ്ചിനുകൾ കൂടുതലും ഉപയോഗിക്കുന്നത്. മത്സ്യബന്ധനത്തിനായി ഔട്ട്ബോർഡ് എഞ്ചിനുകൾ വാങ്ങുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ഭാരത്തിന് ആശ്വാസം നൽകുന്നതാണ് ഈ പദ്ധതി. ആയതിനാൽ ഈ പദ്ധതിക്കായി 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ 40 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി 22-3-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 215/2013/മ.തു.വ. പ്രകാരം നൽകിയിരുന്നു. അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ തുക അനുവദിച്ചില്ല.

ശുപാർശ

2405-00-800-08—തീരദേശ മേഖലയിലെ ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി

വിഹിതം : ഇല്ല

മാതൃകാ ഗ്രാമീണ വികസന പദ്ധതിയുടെ കീഴിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് സഹായം ലഭ്യമാക്കുവാനുള്ള പരിപാടിയാണിത്. ഒരു ഭവനത്തിന്റെ നിർമ്മാണ ചെലവ് 50,000 രൂപയാണ്. ഈ ചെലവ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തുല്യമായി പൂർണ്ണ സബ്സിഡിയായി നൽകുന്നു.

ഭവനനിർമ്മാണ ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായം 25,000 രൂപയായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ബാക്കി 1.75 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായി അനുവദിക്കേണ്ടതാണ്. 2012-13 വർഷം 800 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് ആകെ 16 കോടി രൂപ ആവശ്യമാണ്. 2405-00-800-86 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷത്തിനു പുറമേ 2405-00-800-08 എന്ന ശീർഷകത്തിൽ 1200 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഭവന നിർമ്മാണ പദ്ധതിക്കായി 2405-00-800-08 എന്ന ശീർഷകത്തിൽ അധികമായി 12 കോടി രൂപ വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2405-00-800-86 (പ്ലാൻ) എന്ന ശീർഷകത്തിൽ അധികമായി 1000 ലക്ഷം രൂപ ജൂലൈ 2012-ലെ ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

4405-00-104-97—<u>വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം (കേന്ദ്രാവിഷ്കൃത പദ്ധതി 50% കേന്ദ്രധനസഹായം)</u>

വിഹിതം : ഇല്ല

വിഴിഞ്ഞം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ രണ്ടാംഘട്ട, മൂന്നാംഘട്ട വികസനത്തിനായി കേന്ദ്ര സർക്കാർ കത്ത് നമ്പർ 33013-21/82/എഫ്.വൈ.(എച്ച്) തീയതി 4-3-1997 പ്രകാരം 704 ലക്ഷം രൂപയുടെ ഭരണാനുമതിയും കേന്ദ്ര സർക്കാർ വിഹിതമായി 690.50 ലക്ഷം രൂപ അനുവദിക്കുകയുമുണ്ടായി. 1831.88 ലക്ഷം രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് നൽകിയെങ്കിലും 16-8-2011-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിൽ പൂർത്തീകരിച്ച ഫിഷിംഗ് ഹാർബറുകൾക്ക് കേന്ദ്ര സഹായം നൽകാനാവില്ലെന്ന് കേന്ദ്ര കൃഷി വകുപ്പ് സെക്രട്ടറി അറിയിച്ചു. 2/2011-ൽ കമ്മീഷൻ ചെയ്ത വിഴിഞ്ഞം ഫിഷറി ഹാർബറിന്റെ ഖബർ സംരക്ഷണം, ഡ്രഡ്ജിംഗ്, തീരസംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ കൂടി പൂർത്തികരിക്കാനുണ്ട്. ടി പ്രവൃത്തികൾക്കുവേണ്ടി 126 ലക്ഷം രൂപയുടെ ഭരണാനുമതി 5/2009-ൽ സർക്കാർ നൽകിയിട്ടുള്ളതാണ്. 12-ാം പഞ്ചവത്സര പദ്ധതിയിൽ 2012-13 സാമ്പത്തികവർഷത്തേക്ക് 200 ലക്ഷം രൂപയ്ക്കുള്ള പദ്ധതി രൂപരേഖ പ്ലാനിംഗ് ബോർഡ് അംഗീകരിച്ചെങ്കിലും 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. നിലവിൽ 25 ലക്ഷം രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനുമുണ്ട്. ആയതിനാൽ 2012-13 സാമ്പത്തിക വർഷത്തേക്ക് 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2012-2013 സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിരുന്നില്ല. വിഴിഞ്ഞം ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുമായി 200 ലക്ഷം രൂപ വകയിരുത്താൻ സമിതി ശുപാർശ ചെയ്തിരുന്നു. ഈ കണക്കിനത്തിൽ നിലവിലുള്ള കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിക്കുന്നതിന് ഒന്നാം ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും പരിഗണിച്ചില്ല. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 22 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

ശുപാർശ

4405-00-104-91—പൊന്നാനി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രധനസഹായം)

വിഹിതം : ഇല്ല

പൊന്നാനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് 50% കേന്ദ്രസഹായ പദ്ധതിയായി 33013-7/91/എഫ്.വൈ. (എച്ച്) തീയതി 6-9-2001-ൽ 2759.40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. കേന്ദ്ര വിഹിതമായി ഇതുവരെ 1379.70 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഭാഗികമായി കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ ചെലവ് ഭരണാനുമതി തുകയെക്കാൾ അധികരിച്ചതിനാൽ 3593 ലക്ഷം രൂപയുടെ പുതുക്കിയ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി 30-1-2012-ൽ നൽകിയിരിക്കുന്നതായി സമിതിക്ക് അറിയാൻ കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. അനുബന്ധ പ്രവൃത്തികൾക്കായി ഈ സാമ്പത്തികവർഷം 10 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ 2012-13 സാമ്പത്തികവർഷത്തേക്ക് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ തുക 2012-2013-ലേക്ക് വകയിരുത്തിയിട്ടില്ല. 2012-13 വർഷത്തേക്ക് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി 50 ലക്ഷം രൂപ ആവശ്യമുണ്ടായിരുന്നു. കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി 25.25 ലക്ഷം രൂപ അനുവദിക്കുന്നതിന് ഉപധനാഭ്യർത്ഥനയിലൂടെ ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സർക്കാർ പരിഗണിച്ചിരുന്നില്ല. എന്നാൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 27 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തു.

<u>ശുപാർശ</u>

4405-00-104-85—മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം 16-വൻകിടമരാമത്ത് പണികൾ (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 6,40,00,000 രൂപ (പ്ലാൻ)

മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണം 50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 33013-2/95/എഫ്.വൈ. (എച്ച്) തീയതി 30-3-2000 പ്രകാരം 1366 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. നാളിതുവരെ 683 ലക്ഷം രൂപ കേന്ദ വിഹിതമായി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാനഘടകമായ പുലിമുട്ടുകളുടെ പ്രവൃത്തി പുരോഗമിച്ചുവന്ന സമയത്ത് ഹാർബർ-മൗത്തിൽ മണ്ണടിയുന്ന പ്രതിഭാസം ഉണ്ടായതിനെ തുടർന്ന് CWPRS, Pune എന്ന സ്ഥാപനത്തെക്കൊണ്ട് റീ എഞ്ചിനീയറിംഗ് സ്റ്റഡി നടത്തുകയും, അവരുടെ നിർദ്ദേശപ്രകാരം പുലിമുട്ടുകളുടെ ദിശമാറ്റി നീളം വർദ്ധിപ്പിക്കുന്നതുമുൾപ്പെടെയുള്ള പുതുക്കിയ 4468 ലക്ഷം രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്രസർക്കാരിന് 31-10-2011-ൽ സമർപ്പിക്കുകയുണ്ടായി. 2012-13 സാമ്പത്തികവർഷം 18 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടുവെങ്കിലും 6.4 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ മുതലപ്പൊഴി ഫിഷറി ഹാർബറിന് തന്നെ 75% കേന്ദ്ര സഹായ പദ്ധതിയിൽ 4405-00-104-65 (75% CSS) എന്ന ശീർഷകത്തിൽ 6 കോടി രൂപയും വകയിരുത്തിയതായി കാണുന്നു. മുതലപ്പൊഴി ഫിഷറി ഹാർബർ 50% കേന്ദ്ര സഹായപദ്ധതിയിൽ അംഗീകരിച്ചതാകയാൽ 4405-00-104-65 എന്ന ശീർഷകത്തിൽ 75% കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6 കോടി രൂപ 4405-00-104-85 എന്ന (50% CSS) ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13 വർഷത്തേക്ക് 18 കോടി ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടുവെങ്കിലും 640 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. മുതലപ്പൊഴി ഫിഷറി ഹാർബർ 50% കേന്ദ്ര സഹായ പദ്ധതിയിൽ അംഗീകരിച്ചതാകയാൽ 4405-00-104-65 എന്ന ശീർഷകത്തിൽ 75% കേന്ദ്ര പദ്ധതിയിൽ ഉൾപ്പടുത്തി അനുവദിച്ച 6 കോടി രൂപ 4405-00-104-85 എന്ന 50% സി.എസ്.എസ്. ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. ഇതിനകം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിൽപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആകയാൽ പ്ലാൻ സ്കീമിൽ ഈ പദ്ധതിക്ക് പണം ആവശ്യമില്ല.

ശുപാർശ

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം : ഇല്ല

50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 1925.74 ലക്ഷം രൂപയുടെ ഫിഷറി ഹാർബർ നിർമ്മാണത്തിന് ജി.ഒ. (എംഎസ്.) നമ്പർ 16/2007/എഫ് & പി.ഡി. തീയതി 13-4-2007 പ്രകാരം ഉത്തരവായി. ഈ പദ്ധതിക്ക് 850 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. 16-8-2011-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിങ്ങിൽ തലായി ഫിഷിംഗ് ഹാർബറിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രസർക്കാർ അംഗീകാരം നൽകാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2684 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതിരൂപരേഖ 9381/ബി2/10/എഫ് & പി.ഡി. തീയതി 9-3-2012 പ്രകാരം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തിൽ പദ്ധതി വിഹിതമായി 574.20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2012-13 ബഡ്ജറ്റിൽ 4405-00-104-84 എന്ന 50% CSS ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 4405-00-104-66 എന്ന 75% CSS ശീർഷകത്തിൽ 600 ലക്ഷം വകയിരുത്തിയിട്ടുണ്ട്. തലായി ഫിഷറി ഹാർബർ 50% കേന്ദ്ര സഹായപദ്ധതിയാകയാൽ 4405-00-104-66 എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 600 ലക്ഷം രൂപ 4405-00-104-84 എന്ന 50% കേന്ദ്ര വിഹിത പദ്ധതിക്കായുള്ള ശീർഷകത്തിലേക്ക് റീഅപ്രോപ്രിയേറ്റ് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

സർക്കാർ സ്വീകരിച്ച നടപടി

തലായി മത്സ്യബന്ധന തുറമുഖ പദ്ധതി 50% കേന്ദ്ര സഹായ പദ്ധതിയാണ്. 2012-13 ബഡ്ജറ്റിൽ 4405-00-104-84 എന്ന 50% സി.എസ്.എസ്. ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 4405-00-104-66 എന്ന 75% സി.എസ്.എസ്. ശീർഷകത്തിൽ ഇതിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തലായി ഫിഷറി ഹാർബർ 50% കേന്ദ്ര സഹായ പദ്ധതിയാകയാൽ 4405-00-104-66 എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 600 ലക്ഷം രൂപ 4405-00-104-84 50% കേന്ദ്ര വിഹിത പദ്ധതിക്കായുള്ള ശീർഷകത്തിലേക്ക് റീ അപ്രോപ്രിയേറ്റ് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ 2012-13-ൽ ടി പദ്ധതിക്ക് നബാർഡിനുള്ള തുക മതിയാകുമെന്നതിനാൽ ഫണ്ട് ആവശ്യമായി വന്നില്ല.

ശുപാർശ

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

വിഹിതം : 15,00,000 രൂപ (പ്ലാൻ)

വർക്കല, ചിലക്കൂർ, പുന്നപ്ര, സൗത്ത് പരവൂർ, പുതിയങ്ങാടി, വെള്ളയിൽ, മഞ്ചേശ്വരം എന്നീ ഫിഷിംഗ് ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കും, പരപ്പനങ്ങാടി, വലിയതുറ തുടങ്ങിയ ഫിഷിംഗ് ഹാർബറുകളുടെ EIA Study, പുതിയ

ഇൻവെസ്റ്റിഗേഷൻ ഉപകരണങ്ങൾ വാങ്ങുക എന്നിവയ്ക്കായി 2012-13 സാമ്പത്തിക വർഷം 80 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 15 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക തുലോം പരിമിതമായതിനാൽ 65 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 65 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 84 ലക്ഷം അനുവദിക്കുന്ന തിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചുവെങ്കിലും പരിഗണിക്കാൻ കഴിഞ്ഞില്ല.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

കൊയിലാണ്ടി ഹാർബർ പദ്ധതി 50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ജി.ഒ. (ആർടി.) നമ്പർ 322/2006/എഫ്& പി.ഡി. തീയതി 11-7-2006 ഉത്തരവു പ്രകാരം 3545 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇതുവരെ 1772.50 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 50% നബാർഡ് ധനസഹായമായി ലഭിച്ചുവരുന്നു. 2012-13 സാമ്പത്തിക വർഷം 715 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശേഷിക്കുന്ന 315 ലക്ഷം രൂപ ബഡ്ജറ്റിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ നിലവിലുള്ള 400 ലക്ഷം രൂപ കൂടാതെ 315 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ 2012-13 വർഷത്തേക്ക് 400 ലക്ഷം രൂപ പര്യാപ്തമായിരുന്നു.

ശുപാർശ

4405-00-104-79—എല്ലാ മത്സ്യബന്ധന തുറമുഖങ്ങളുടെയും വള്ളം കരയ്ക്കടുപ്പി ക്കുന്ന കേന്ദ്രങ്ങളുടെയും ഡ്രെഡ്ജിങ്ങ് (50% കേന്ദ്ര സഹായം)

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

നീണ്ടകര, കായംകുളം, ചോമ്പാൽ, ബേപ്പൂർ, തോട്ടപ്പള്ളി, മുനമ്പം, അഴീക്കൽ എന്നീ പൂർത്തീകരിച്ച ഫിഷിംഗ് ഹാർബറുകളിലെ ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായി 1054 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ 50% കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി

അംഗീകാരത്തിനായി നൽകുകയും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഗഡുവായി 210.80 ലക്ഷം രൂപ കേന്ദ്ര സഹായവും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി 2 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതാണ്. അപ്രകാരം ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 600 ലക്ഷം രൂപ ഈ ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്നു. അതിൽ 300 ലക്ഷം രൂപ 2012-13 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്. കേന്ദ്രം 50% CSS-ൽ പദ്ധതി രൂപരേഖ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ അധികമായി 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

## സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തേക്ക് 600 ലക്ഷം അനുവദിക്കുന്നതിന് ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 300 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇത് കൂടാതെ 300 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. ടി പ്രവൃത്തികളുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കുള്ള ഭരണാനുമതി 2012-13 സാമ്പത്തികവർഷം അവസാനമാണ് നൽകിയത്. ആയതിനാൽ ടി സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി അധിക തുക ആവശ്യമായി വന്നില്ല.

## ശുപാർശ

### 4405-00-104-76—സാമ്പ്രാണിക്കോടി, മുഹമ്മ, ബേക്കൽ ഇൻലാന്റ് ഫിഷ് ലാന്റിംഗ് സെന്ററുകൾ

വിഹിതം : ഇല്ല

ചെമ്പ്, മുറിഞ്ഞപുഴ, പനച്ചിക്കൽ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പ്രവൃത്തികൾ ക്രമീകരിക്കുന്നത് 4405-104-76 എന്ന ശീർഷകത്തിലാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ചെമ്പ്, മുറിഞ്ഞപുഴ എഫ്.എൽ.സി.ക്ക് 40 ലക്ഷം രൂപയും പനച്ചിക്കൽ എഫ്.എൽ.സി.യ്ക്ക് 38 ലക്ഷം രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ഈ ശീർഷകത്തിൽ അനുവദിക്കുകയുണ്ടായില്ല. ആയതിനാൽ 78 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

## സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തേക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താതിരുന്നതു കാരണം 78 ലക്ഷം രൂപ വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് 32 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4405-00-104-74—ചെത്തി മത്സ്യബന്ധന തുറമുഖം (50% സി.എസ്.എസ്.)

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട വികസനത്തിന് ജി.ഒ. (ആർടി.) നമ്പർ 55/08/എഫ് & പി.ഡി. പ്രകാരം 24-1-2008-ൽ 500 ലക്ഷം രൂപയ്ക്കും രണ്ടാംഘട്ട വികസനത്തിന് ജി.ഒ. (ആർടി.) നമ്പർ 9/2010/എഫ് & പി.ഡി. തീയതി 1-2-2010 പ്രകാരം 495 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. ബ്രേക്ക് വാട്ടർ, വാർഫ്, ലേലപ്പുര, ഗേറ്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 600 ലക്ഷം രൂപ അനുവദിക്കുന്നതിന് 2012-13 ബഡ്ജറ്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ ശീർഷകത്തിൽ 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതി സ്റ്റേറ്റ് പ്ലാൻ സ്കീമാണ്. ആയതിനാൽ 4405-00-104-74 (50% സി.എസ്.എസ്.) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ (സ്റ്റേറ്റ് പ്ലാൻ സ്കീം) നിർമ്മാണത്തിന് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 400 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഇത് സ്റ്റേറ്റ് പ്ലാൻ പദ്ധതിയാണ്. തുക 50% കേന്ദ്രസഹായ പദ്ധതിയിലാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ 4405-00-104-74 (50% സി.എസ്.എസ്.) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ (സ്റ്റേറ്റ് പ്ലാൻ സ്കീം) നിർമ്മാണത്തിൽ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകാൻ സമിതി ശുപാർശ ചെയ്യുകയുണ്ടായി. ഇതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ നടപടി സ്വീകരിച്ചുവരുന്നു.

ശുപാർശ

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : 6,40,00,000 രൂപ (പ്ലാൻ)

3024 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിക്ക് 75% കേന്ദ്ര സഹായമാണ് ലഭിച്ചിരിക്കുന്നത്. 2012-13 വർഷത്തിലേക്ക് 1500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 640 ലക്ഷം മാത്രമാണ് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്. ബ്രേക്ക് വാട്ടർ ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ ധൃതഗതിയിൽ നടന്നുവരുന്നു. കേന്ദ്ര സർക്കാർ അനുമതി പ്രകാരം ടി പദ്ധതി 4/2013-ൽ പൂർത്തീകരിക്കേണ്ടതാണ്. ആയതിനാൽ 860 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തേക്ക് 1500 ലക്ഷം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 640 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആകയാൽ ബാക്കി തുകയായ 860 ലക്ഷം കൂടി വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. ടി കണക്കിനത്തിൽ 600 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

ജി.ഒ. (എംഎസ്.) നമ്പർ 36/08/എഫ്. & പി.ഡി. തീയതി 15-5-2010 പ്രകാരം 2906 ലക്ഷം രൂപ ഭരണാനുമതി ലഭിച്ച ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന് 75% കേന്ദ്രസഹായ പദ്ധതിയാണിത്. ധ്യതഗതിയിൽ പണി പുരോഗമിക്കുന്ന ഈ പദ്ധതിക്ക് 2012-13 സാമ്പത്തിക വർഷം 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും 4 കോടി മാത്രമേ അനുവദിച്ചിട്ടുള്ളൂ. പ്രവൃത്തി വളരെ വേഗം പുരോഗമിക്കുന്നതിനാൽ ഏകദേശം 15 കോടി രൂപയുടെ ബിൽ നടപ്പ് സാമ്പത്തികവർഷം പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ അനുമതിപ്രകാരം ടി പദ്ധതി 4/2013-ൽ പൂർത്തീകരിക്കേണ്ടതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ശേഷിക്കുന്ന 1100 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തേക്ക് 1500 ലക്ഷം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. നടപ്പ് വർഷം ടി കണക്കിനത്തിൽ ബാക്കി 1100 ലക്ഷം രൂപ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. ടി കണക്കിനത്തിൽ 600 ലക്ഷം അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിക്കുകയും 441 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

4405-00-104-71—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

മഞ്ചേശ്വരം ഫിഷറി ഹാർബർ നിർമ്മാണത്തിനുവേണ്ടി 49.81 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നടപ്പുസാമ്പത്തിക വർഷം 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുള്ള അംഗീകാരം പ്രതീക്ഷിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ

ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി കുറഞ്ഞത് 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ ടോക്കൺ പ്രൊവിഷനായി 1,000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

4405-00-104-70—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

വെള്ളയിൽ ഫിഷറി ഹാർബറിന്റെ നിർമ്മാണത്തിനായി 38.24 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 75% കേന്ദ്ര സഹായ പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം ഈ പ്രോജക്ടിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. 100 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി കുറഞ്ഞത് 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥയിലൂടെ ടോക്കൺ പ്രൊവിഷനായി 1,000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

4405-00-104-69—പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

പദ്ധതിയുടെ കേന്ദ്രാനുമതി നടപ്പുസാമ്പത്തികവർഷം പ്രതീക്ഷിക്കുന്നു. ആയതിലേക്കായി 1,00,00,000 രൂപ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി കുറഞ്ഞത് 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ ടോക്കൺ പ്രൊവിഷനായി 1,000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

4405-00-104-68—താനൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

താനൂർ ഫിഷറി ഹാർബറിന്റെ നിർമ്മാണത്തിനായി 43.08 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 75% കേന്ദ്ര സഹായ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം ഈ പ്രോജക്ടിന്റെ അംഗീകാരം പ്രതീക്ഷിക്കുന്നു. ആയതിലേക്കായി 1,00,00,000 രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി കുറഞ്ഞത് 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥയിലൂടെ ടോക്കൺ പ്രൊവിഷനായി 1,000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

4405-00-104-67—വലിയതുറ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : ഇല്ല

വലിയതുറ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 61.44 കോടി രൂപയുടെ പദ്ധതിരൂപരേഖ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രോജക്ടിന് ഈ സാമ്പത്തിക വർഷം അംഗീകാരം പ്രതീക്ഷിക്കുന്നു. ആയതിലേക്കായി 1,00,00,000 രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. കേന്ദ്രാനുമതി ലഭിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി കുറഞ്ഞത് 1,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ ടോക്കൺ പ്രൊവിഷനായി 1,000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

4405-00-800-82—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

നബാർഡ് പദ്ധതിയനുസരിച്ച് ഭരണാനുമതി ലഭിച്ച റോഡുകൾ, പാലങ്ങൾ എന്നിവയുടെ പൂർത്തീകരണത്തിന് (ചെല്ലാനം തലായ് ഫിഷിംഗ് ഹാർബറിന്റെ

സംസ്ഥാന വിഹിതം എന്നിവയുടെ) നടപ്പ് വർഷം 4990 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 2012-13 വർഷത്തേക്ക് 4990 ലക്ഷം അനുവദിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ 600.00 ലക്ഷം മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. RIDF-XIII, XV, XVI, XVII എന്നീ സ്കീമുകളിലായി അനുവദിച്ച ഏകദേശം 60 കോടിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആയതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ 4390 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

### സർക്കാർ സ്വീകരിച്ച നടപടി

2012-13 വർഷത്തേക്ക് 4990 ലക്ഷം രൂപ അനുവദിക്കുന്നതിന് ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 600 ലക്ഷം രൂപയാണ് അനുവദിച്ചത്. ഈ സാഹചര്യത്തിൽ 4390 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 1000 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ടി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 2012-13 വർഷത്തേക്ക് പര്യാപ്തമായിരുന്നു.

### ശുപാർശ

4405-00-800-78—ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം

വിഹിതം : ഇല്ല

635 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ടി പ്രവൃത്തിക്ക് നാളിതുവരെ 137.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തേക്ക് 500 ലക്ഷം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഡ്ജറ്റിൽ ഈ പ്രവൃത്തിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. 500 ലക്ഷം രൂപ ഈ പ്രവൃത്തിക്ക് വേണ്ടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

### സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുകയുണ്ടായി. ഇത് അനുവദിക്കുന്നതിനായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ നിർദ്ദേശം സമർപ്പിക്കുകയും 100 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക പര്യാപ്തമായിരുന്നു.

## പൊതുശുപാർശകൾ

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിനുള്ള 50.31 കോടി രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന്റെ 75% സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി

അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നടപ്പുസാമ്പത്തിക വർഷം ഇതിന്റെ കേന്ദ്രാനുമതി പ്രതീക്ഷിക്കുന്നതിനാൽ ടോക്കൺ പ്രൊവിഷൻ ആവശ്യമാണ്. ആയതിലേക്കായി പുതിയ ശീർഷകവും ടോക്കൺ പ്രൊവിഷൻ ആയി 1,000 രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സർക്കാർ സ്വീകരിച്ച നടപടി

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന് ഒരു ശീർഷകം പുതുതായി അനുവദിക്കുന്നതിന് 1,000 രൂപ വകയിരുത്തുന്നതിനും സമിതി ശുപാർശ ചെയ്യുക യുണ്ടായി. ആയത് വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

പ്രവൃത്തി പൂർത്തീകരിച്ച നീണ്ടകര, കായംകുളം തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെയും, നിർമ്മാണം പൂർത്തിയാക്കിയ ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും ബ്രേക്കുവാട്ടർ റീപ്ലീനിഷ്മെന്റ്, സ്ഥലമെടുപ്പ് തുടങ്ങിയ ക്യാപ്പിറ്റൽ റിപ്പയേഴ്സിനായി ന്യൂസ്കീം ആയി 10 കോടി രൂപ (പ്ലാൻ) ബഡ്ജറ്റ് പ്രൊപ്പോസൽ ചെയ്തിരുന്നു വെങ്കിലും ബഡ്ജറ്റിൽ ഈ വകയിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. ഈ ഇനത്തിൽ പുതിയ ഹെഡ്ഡും 1000 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സർക്കാർ സ്വീകരിച്ച നടപടി

പ്രവൃത്തി പൂർത്തീകരിച്ച നീണ്ടകര, കായംകുളം തുടങ്ങിയ മത്സ്യബന്ധന തുറമുഖങ്ങളുടെയും, നിർമ്മാണം പൂർത്തിയാക്കിയ ഫിഷ്ലാന്റിംഗ് സെന്ററുകളുടെയും മറ്റും ക്യാപിറ്റൽ റിപ്പയേഴ്സിനായി പുതിയ സ്കീം എന്ന നിലയിൽ പുതിയ ശീർഷകത്തിൽ 1000 ലക്ഷം രൂപ അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്യുകയു ണ്ടായി. തുക വകയിരുത്തുന്നതിനായുള്ള ശുപാർശ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ പരിഗണിക്കപ്പെട്ടില്ല.

ശുപാർശ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇന്ധനമായ മണ്ണെണ്ണയുടെ അപര്യാപ്തതമൂലം നിലവിൽ തൊഴിലാളികൾക്ക് ഭീമമായ പ്രവർത്തന ചെലവ് വഹിക്കേണ്ടിവരുന്നു. ഇതിന് ഒരു ആശ്വാസ നടപടി എന്ന നിലയിൽ

മത്സ്യഫെഡ് മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി ആനുകൂല്യത്തോടെ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഫിഷറീസ് & എക്സൈസ് വകുപ്പുമന്ത്രിയുടെയും, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം സംബന്ധിച്ച് 23-04-2013-ന് ചർച്ച നടത്തുകയുണ്ടായി. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് മുഖാന്തിരം നിലവിൽ ലഭ്യമാകുന്ന മണ്ണെണ്ണ തികച്ചും അപര്യാപ്തമായതിനാൽ നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിനായി ഇതിനുപുറമേ സർക്കാർ സബ്സിഡി നിരക്കിൽ ഉള്ള വെള്ള മണ്ണെണ്ണ കൂടി ലഭ്യമാക്കി നിശ്ചിത തോതിൽ മത്സ്യബന്ധനത്തിനായി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ചർച്ചയിൽ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ശുപാർശ

മത്സ്യഫെഡ് മത്സ്യമേഖലയിൽ ഡീസൽ എൻജിനുകളുടെ പ്രചരണവും വിതരണവും നടത്തിയതുമൂലം ഡീസൽ എൻജിനുകളുടെ സ്വീകാര്യത നിലവിൽ വർദ്ധിച്ച് വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡീസൽ എഞ്ചിനുകളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് എൻജിന്റെ വിലയുടെ 50% സബ്സിഡിയായി നൽകുന്ന കാര്യം പരിഗണിക്കണമെന്നും മത്സ്യഫെഡ് വഴി പ്രസ്തുത സബ്സിഡി നൽകുന്നതിനായി 20 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തന ചെലവ് കുറയ്ക്കുന്നതിലേക്ക് പുതുതായി രൂപകൽപ്പന ചെയ്തിട്ടുള്ളതും ചെറിയ കുതിരശക്തിയുള്ളതുമായ ഡീസൽ എഞ്ചിൻ ഘടിപ്പിക്കുന്നതിന് സബ്സിഡി നൽകുന്ന പുതിയ ഒരു പദ്ധതി നടപ്പാക്കുന്നതിന് 2013-14 സാമ്പത്തികവർഷം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ എഞ്ചിന്റെ വിലയുടെ 50% 75,000 രൂപയിൽ പരിമിതപ്പെടുത്തി സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

**ഭാഗം II**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ.

## കൃഷി വകുപ്പ്

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽക്കൃഷി വികസനം

34—മറ്റു ചെലവുകൾ

വിഹിതം : 50,00,00,000 രൂപ (പ്ലാൻ)

2012-13 വാർഷിക പദ്ധതിയിൽ ഭക്ഷ്യ സുരക്ഷയ്ക്ക് ഊന്നൽ നൽകി തിരഞ്ഞെടുക്കപ്പെട്ട 75-80 പ്രധാന നെല്ല് ഉല്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ കൃഷി വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ, തരിശുനിലകൃഷി, കരക്കൃഷി, ആധുനീകരിച്ച യന്ത്രവൽക്കരണം ഉപയോഗിക്കുന്നതിന് കൃഷിക്കാരുടെ വൈദഗ്ദ്ധ്യം കൂട്ടുക, അടിസ്ഥാന സൗകര്യ വികസനം, തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ മാതൃകാ പാടശേഖരത്തിന് ധനസഹായം എന്നിവയ്ക്കാണ് പ്രസ്തുത തുക വകകൊള്ളിച്ചിട്ടുള്ളത്.

2012-13 വർഷം 1.75 ലക്ഷം ഹെക്ടറിൽ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള ധനസഹായം 1,500 രൂപ/ഹെക്ടർ എന്നത് 2012-13 മുതൽ 5,000 രൂപ/ഹെക്ടർ ആയി ഉയർത്തുന്നതിനുമായി ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 5000 ലക്ഷം രൂപയ്ക്ക് പുറമേ 6300 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

2401-00-102-84—ഉൽപ്പാദന വർദ്ധനവിനായി നെൽക്കൃഷിക്കാർക്കുള്ള പ്രോത്സാഹന സഹായം

വിഹിതം : 11,38,50,000 രൂപ (പ്ലാൻ)

ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായത്തിൽ പങ്കാളികളാകുന്ന നെൽക്കൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 350 രൂപ ഉല്പാദന പ്രോത്സാഹന സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. ഇതനുസരിച്ച് മൂന്നുതവണ കൃഷിയിറക്കുന്ന ഒരു കർഷകന് ഒരു ഹെക്ടറിന് 1,050 രൂപ ലഭിക്കുന്നതാണ്. ഉല്പാദന പ്രോത്സാഹന സഹായം ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഇതിനായി 861.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

2401-00-104-86(04)—നെല്ലുസംഭരണത്തിന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്ന നഷ്ടപരിഹാരം

വിഹിതം : 75,00,00,000 രൂപ (നോൺ പ്ലാൻ)

2011-12 വർഷം (മാർച്ച് 2012 വരെ) 3.95 ലക്ഷം ടൺ നെല്ല് സംഭരിക്കുകയുണ്ടായി. 2011-12-ലെ ഒന്നാം വിളയുടെയും രണ്ടാം വിളയുടെയും നെല്ല് സംഭരണം നടത്തിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകേണ്ടത് 16200 ലക്ഷം രൂപയാണ്. ആയതിനാൽ 16200 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

2401-00-190-96—കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഗ്രാന്റ്-ഇൻ-എയ്ഡ്

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ഭൂവികസന കോർപ്പറേഷന്റെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി വരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും, ജീവനക്കാരുടെ ശമ്പളം, മറ്റു വേതനങ്ങൾ എന്നിവയ്ക്കും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണംമൂലമുണ്ടായ അധികബാധ്യത നികത്തുന്നതിനും അതുപോലെ KLDC-യ്ക്ക് തിരുവനന്തപുരത്ത് സ്വന്തമായി ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് 2401-00-190-96 ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 1,000 രൂപ token provision-ന് പുറമെ 5 കോടി രൂപ Grant-in-aid ആയി 2401-00-190-96 (NP) എന്ന ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

2401-00-800-68—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

33—സബ്സിഡികൾ

വിഹിതം : 27,95,00,000 രൂപ (നോൺ പ്ലാൻ)

നെൽ കർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്ന ഈ പദ്ധതിക്കായി വൈദ്യുതി ചാർജ്ജ് നൽകുന്നതിന് ഒരു വർഷത്തേക്ക് 32.00 കോടി രൂപ ആവശ്യമാകയാലും 3.00 കോടി രൂപ 2011-12-ലെ കുടിശ്ശികയായി നൽകാനുള്ളതിനാലും ഈ ഇനത്തിൽ 705 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2401-00-800-61(13)—വാട്ടർഷെഡ് വികസനം (എൻ.ഡബ്ല്യു.ഡി.പി.ആർ.എ.)

34—മറ്റു ചെലവുകൾ

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

മഴയെ ആശ്രയിച്ച് കൃഷി നടത്തപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്രവും സ്ഥായിയുമായ വികസനം, ലക്ഷ്യമിടുന്ന ഒരു കേന്ദ്രാവിഷ്കൃത വാട്ടർഷെഡ് വികസന പദ്ധതിയാണിത്. ഇതിനായി 2012-13 വർഷം 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിൻകീഴിൽ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി 495 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

വിഹിതം : 35,00,000 രൂപ (പ്ലാൻ)

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്തെ കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയായ 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി ഈ പദ്ധതിക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

2415-01-277-99-36—കേരള കാർഷിക സർവ്വകലാശാല സഹായധനം (ശമ്പളേതരം)

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

ഈ ശീർഷകത്തിൽ 3500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം

വിഹിതം : 145,02,00,000 രൂപ (നോൺ പ്ലാൻ)

കേരള കാർഷിക സർവ്വകലാശാലയുടെ 2012 മാർച്ചുവരെയുള്ള ബാധ്യതകൾ തീർക്കുന്നതിനായി ഒറ്റത്തവണ ഗ്രാന്റായി 19620 ലക്ഷം രൂപയും, 2012-13-ലെ തനതു ചെലവുകൾക്ക് ഗ്രാന്റായി 17605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 37225 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

2415-03-277-99-31—കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി സഹായം—ശമ്പളം

വിഹിതം : 37,26,00,000 രൂപ (നോൺ പ്ലാൻ)

യൂണിവേഴ്സിറ്റിക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 37.26 കോടി രൂപയ്ക്കു പുറമേ 21.60 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

2435-01-800-97—അഗ്രോ ഇൻഡസ്ട്രീസ്

വിഹിതം : ഇല്ല

വളർച്ചയുടെ നിർണ്ണായകഘട്ടത്തിലുള്ള ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണ പായ്ക്കേജായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

4401-00-119-99—ഹോർട്ടികോർപ്പിന്റെ ഹരിത വിപണനം പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഡി.പി.ഡി.സി.ക്ക് സഹായം

വിഹിതം : ഇല്ല

ഗുണനിലവാരം ഉറപ്പുവരുത്തി മേന്മയേറിയ പച്ചക്കറികൾ ഉപഭോക്താവിന് നൽകുക, ജൈവവളം ഉപയോഗിച്ചുണ്ടാക്കിയ പച്ചക്കറികൾ കൂടുതലായി ഉൾപ്പെടുത്തി വിതരണശൃംഖല വിപുലീകരിക്കുക, ഉപഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് ജൈവവളകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മാത്രമായ വിതരണ ശൃംഖലകൾ കേരളത്തിൽ ഉടനീളം സ്ഥാപിക്കുക എന്നീ പദ്ധതിക്കായുള്ള പ്രവർത്തന മൂലധനമായി 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## പൊതു ശുപാർശകൾ

ചേർത്തല താലൂക്കിലെ നെൽക്കൃഷി ചെയ്ത് വന്നിരുന്ന കര നെൽപ്പാടങ്ങൾ നിലവിൽ തരിശായി കിടക്കുകയാണ്. പ്രസ്തുത പാടങ്ങളിൽ വീണ്ടും നെൽക്കൃഷി ഇറക്കുന്നതിനും ഇടവേളകളിൽ ചെയ്തുവരുന്ന പച്ചക്കറിക്കൃഷി വിളവുല്പന്നങ്ങൾ സംഭരിക്കുന്നതിനും കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള കോൾഡ് സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

വൈദ്യുതി ലഭ്യമല്ലാത്ത ചെറിയ പാടശേഖരങ്ങളിൽ നിലവിൽ മണ്ണെണ്ണ ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിക്കുന്ന ചെറുകിട കർഷകർക്ക് സബ്സിഡിയായി നൽകി വന്നിരുന്ന മണ്ണെണ്ണ തുടർന്നും സബ്സിഡി നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## മത്സ്യബന്ധന വകുപ്പ്

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം : 50,00,000 രൂപ (പ്ലാൻ)

ഈ ശീർഷകത്തിൽ ഓഹരി മൂലധനമായി 1300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

കെ. പി. മോഹനൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2013 ജൂൺ 18.